# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 39 ലക്കം മാർച്ച് 2021 വാർഷിക വരിസംഖ്യ ₹ 100



പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്




പരിശുദ്ധ അമ്മേ, മാതാവേ,
നിന്റെ തിരുക്കുമാരന്റെ ഉത്ഥാനത്തിന്റെ
സത്ഫലങ്ങളായ സമാധാനവും ശാന്തിയും
മാനവമക്കളിലും ലോകമെമ്പാടും നിറയുവാൻ
ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ.

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

**വാല്യം 39 ഉയിർപ്പു ലക്കം മാർച്ച് 2021**

*"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3)*

രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**അന്നമ്മ കുളത്തൂപുരയിടം എ.ഒ.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് എ.ഒ.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**ഡോ.അനു കുരിശുംമൂട്ടിൽ എ.ഒ.**
**ജിസ കൂട്ടിയാനിക്കൽ എ.ഒ.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**പ്രിൻസി മൈലാടിയിൽ എ.ഒ.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**മെർലിറ്റ് അഞ്ചാനിക്കൽ എ.ഒ.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ജെ.എസ്. ഗ്രാഫിക്സ്**

**വാർഷിക വരിസംഖ്യ ₹ 100/-**

പ്രിന്റിംഗ്:
**വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം.**
Email: wigipress@gmail.com

**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ചാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ., കോട്ടയം 686 018**
**ഫോൺ: 9497588192, 0481-2578192**
**Email: psmktm@gmail.com**

## ഉള്ളടക്കം

- അവൻ ഉയിർത്തു 5
- സഭാജീവിതവും അരൂപിയിലുള്ള ജീവിതവും 7
- ആത്മാവും മൊബൈൽഫോണും 10
- വി.യൗസേപ്പ്:സ്നേഹനിധിയായ പിതാവ് 12
- സ്വർഗ്ഗം കവർന്നവർ 14
- ഫ്രത്തേല്ലി തൂത്തി 16
- തുറക്കേണ്ട വാതിൽ 18
- ജോഷ്വാ 20
- സെനക്കിൾ തരംഗം 23
- തിരിച്ചറിവ് 24
- ഉത്ഥാനത്തിലേക്കുള്ള വഴി 26
- കാഴ്ച തെളിയേണ്ട ഉയിർപ്പ് 28
- നിരന്തര സാന്നിദ്ധ്യം 30
- എന്നും ജീവിക്കാൻ 32
- ഉയിർപ്പുകാലം നമ്മെ ക്ഷണിക്കുന്നു 33
- അമ്മയോടൊപ്പം 34

എഡിറ്റോറിയൽ

# വാടാമലർ



"**ഗോ**തമ്പുമണി നിലത്തുവീണ് അഴിയുന്നില്ലെങ്കിൽ അത് അതേപടിയിരിക്കും. അഴിയുന്നെങ്കിലോ അതു വളരെ ഫലം പുറപ്പെടുവിക്കും" (യോഹ 12,24).

ഓരോ പുതുജീവനും നൊമ്പരത്തിന്റെ പിന്നാമ്പുറങ്ങളുണ്ട്. ഒരു കുഞ്ഞുപിറക്കുന്നതിനു പിന്നിൽ മരണതുല്യമായ അമ്മയുടെ സഹനം; ഒരു വിത്തുണ്ടാകുന്നതിനുപിന്നിൽ കൊഴിയുന്ന പൂവിന്റെ നൊമ്പരം; പുതുനാമ്പ് തലയുയർത്തുമ്പോൾ മണ്ണിനടിയിൽ അഴിഞ്ഞില്ലാതാവുന്ന വിത്തിന്റെ വേദന; ശുദ്ധമായ വെള്ളത്തിനായി ശ്രമിക്കുമ്പോൾ മാറുപിളർക്കപ്പെടുന്ന ഭൂമിയുടെ നൊമ്പരം... എന്നാൽ ഈ സഹനങ്ങളെല്ലാം അവസാനിക്കുന്നതോ സന്തോഷത്തിലും! ഒരു മരണം മറ്റൊരു ജീവനു കാരണമാകുന്നു.

ഇത് ഉയിർപ്പുകാലം... സഹനപാനപാത്രത്തിന്റെ മട്ടോളം രുചിച്ച് കുരിശിൽ മരിച്ച ദൈവപുത്രൻ ഒരിക്കലും മരിക്കാത്ത സന്തോഷവും സമാധാനവുമായി നമ്മോടൊപ്പമായിരിക്കാൻ ഉത്ഥാനംചെയ്തതിന്റെ മായാത്ത സ്മരണ നമ്മിലുണർത്തുന്ന കാലം. കുരിശിൽ വിടർന്ന നിത്യജീവന്റെ വാടാമലർ നിത്യജീവന്റെ പ്രത്യാശയിലേക്ക് നമ്മെ നയിച്ചു. കുരിശിലൊടുങ്ങുമെന്ന് ശത്രുക്കൾ വിചാരിച്ചവൻ ഒരിക്കലും ഒടുങ്ങാത്ത ജീവന്റെ ഉറവിടമായി! ശാരീരികമരണം നിത്യജീവനു കാരണമാകുന്നു.

ഉത്ഥാനമില്ലാത്ത മരണമില്ല. മരണത്തോളമെത്തുന്ന വ്യഥകൾ ജീവിതത്തിലനുഭവപ്പെട്ടാലും അവയെല്ലാം ഉപരിനന്മയ്ക്കാണെന്നു വിശ്വസിക്കാനാവുന്നുണ്ടെങ്കിൽ നാം ഉത്ഥാനവഴിയിലാണ്. ചെറുതും വലുതുമായ നൊമ്പരങ്ങളെല്ലാം അതിൽത്തന്നെ അവസാനിപ്പിക്കാതെ പുതുസൃഷ്ടികൾക്ക് ജന്മം നല്കുവാൻ ഉപയോഗ്യമാക്കുന്നുണ്ടെങ്കിൽ അവ ഉത്ഥാനചൈതന്യത്തിലുള്ള പങ്കുചേരലാണ്. അങ്ങനെയെങ്കിൽ ഉത്ഥിതൻ ആശംസിച്ച സമാധാനം (യോഹ 20,19) നമ്മിൽ നിത്യം നിലനില്ക്കും. നിത്യജീവന്റെ നറുമണം നിറയുന്ന വാടാമലരുകളായി ജീവിതത്തെ മാറ്റുവാൻ ഉത്ഥിതനീശോ നമ്മെ അനുഗ്രഹിക്കട്ടെ. ഏവർക്കും ഉയിർപ്പുതിരുനാളാശംസകൾ...

ചീഫ് എഡിറ്റർ



# അവൻ മരിച്ചവരുടെ ഇടയിൽനിന്ന് മൂന്നാംനാൾ ഉയിർത്തു

**ഡോ. അനു കുരിശുംമൂട്ടിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**നി**റയെ മുള്ളുകളുമായി ഒരു പനിനീർച്ചെടി... ഉണ്ണിക്കുട്ടൻ കൗതുകത്തോടെ അതിന്റെ സമീപത്തെത്തി. തൊടാൻ അല്പം മടി... എങ്കിലും അതിന്റെ സമീപത്തിരുന്ന് ആ ചെടിയെ വീക്ഷിക്കുകയാണ്. ഉണ്ണി ചോദിച്ചു: “അമ്മേ, ഈ ചെടി നിറയെ മുള്ളുകളുണ്ട്. എങ്കിലും ഇതിലെ പൂക്കൾ നോക്കിക്കേ. എത്ര നല്ല നിറം, എത്ര നല്ല സുഗന്ധം!”. അമ്മ പറഞ്ഞു: “നിറയെ മുള്ളുകൾ ഉണ്ടെങ്കിലും സുന്ദരമായ പനിനീർ പുഷ്പങ്ങൾ അതിൽ വിടരും. കാരണം അതിന് ചൂടും പ്രകാശവും നല്കുന്ന സൂര്യനിലേക്ക് വിരിഞ്ഞുനില്ക്കാനാണ് ഭൂമി അതിന് വെള്ളവും വളവും നല്കുന്നത്.

അതെ, ഉയിർപ്പുകാലം നീതിസൂര്യനായ മിശിഹായിലേക്ക് നമ്മുടെ ജീവിതങ്ങളെ ഉയർത്താൻ സഭാമാതാവ് നമ്മെ കൂദാശകളിലൂടെ വിശിഷ്യ പരിശുദ്ധ കുർബാനയിലൂടെ ക്ഷണിക്കുകയാണ്. രോഗങ്ങളും സഹനങ്ങളും മാനസികവ്യഥകളും സാമ്പത്തിക ഞെരുക്കങ്ങളുമൊക്കെയാകുന്ന മുള്ളുകൾ നമ്മുടെ ജീവിതത്തിൽ നിറഞ്ഞുനില്ക്കുകയാണ്. പ്രത്യാശയുടെയും ഉയിർത്തെഴുന്നേല്പിന്റെയും ജീവൻ നുകരാൻ സഭാമാതാവ് ദൈവവചനത്തിലൂടെ നമ്മെ ആഹ്വാനം ചെയ്യുന്നു.

“ജീവിക്കുന്നവനെ നിങ്ങൾ മരിച്ചവരുടെ ഇടയിൽ അന്വേഷിക്കുന്നതെന്ത്? അവൻ ഇവിടെയില്ല, അരുളിച്ചെയ്തതുപോലെ ഉയിർത്തെഴുന്നേറ്റു”. ഉയിർത്തെഴുന്നേറ്റ മിശിഹായെ മൃതരുടെ ഇടയിൽ അന്വേഷിച്ചുകൊണ്ട് ലോകം ഇന്നു കേഴുകയാണ്. “ആത്മാവാണ് ജീവൻ നല്കുന്നത്. ജഡം ഒന്നിനും ഉപകരിക്കുന്നില്ല” എന്ന് ശ്ലീഹാ പറയുന്നു. ഒന്നിനും ഉപകരിക്കാത്ത ജഡത്തിൽ ആശ്രയംതേടി മനുഷ്യൻ നിരാശയിലേക്ക് താഴുന്നു. ഹൃദയംകൊണ്ടു സ്നേഹിക്കാൻ സാധിക്കാത്ത കപടതയിലും, ഉള്ളിന്റെ അന്ധകാരത്തിലും കുടുങ്ങി ഉയിർപ്പിന്റെ പ്രകാശരശ്മി കാണാൻ കഴിയാതാവുന്നു. അനാവശ്യമായ കുറ്റാരോപണങ്ങളും തന്റെതന്നെ മനസ്സിന്റെ വികാരവൈകൃതങ്ങളും അപരനിലേക്ക് ആരോപിച്ച് ഒരുതരം മാനസികവിഭ്രാന്തിയിൽ കഴിയുന്ന സമൂഹം!

ഒരു ഉയിർത്തെഴുന്നേല്പ് വേണ്ടേ...? കൂർത്തുമൂർത്ത മുള്ളുകൾക്കിടയിലാണ് നാം ജീവിക്കുന്നതെങ്കിലും, ഭൂമിയാകുന്ന അമ്മ, സഭയാകുന്ന അമ്മ നല്കുന്ന വെള്ളവും വളവും സ്വീകരിച്ച്, നീതിസൂര്യനായ മിശിഹായിലേക്ക് ഉയരാൻ ഈ ഉയിർപ്പുകാലത്തിലൂടെ മിശിഹാ നമ്മെ ക്ഷണിക്കുകയാണ്. നാം ആശ്രയം വച്ചിരിക്കുന്നത് മൃതരിലല്ല. മൃതരുടെയിടയിൽനിന്നുയിർത്ത ജീവനുള്ള ദൈവത്തിലാണ്. അതിനാൽ ചുറ്റും മൃതരുടെ ഒരു സംസ്കാരം പ്രത്യക്ഷമാണെങ്കിലും ഉയിർപ്പിന്റെ ആനന്ദം നുകരാൻ പരിശുദ്ധ കുർബാനയാകുന്ന നിത്യജീവന്റെ കൂദാശയെ വിശ്വാസപൂർണ്ണതയിൽ, ഭക്തിയുടെ നിറവിൽ, ശുദ്ധമനസ്സോടെ എന്നും സമീപിക്കാം.എന്തേ, പരിശുദ്ധ കുർബാനയുടെ മൂന്നാം ഗ്ഹാന്താ പ്രാർത്ഥനയിൽ നാം അനുസ്മരിക്കുന്ന, മിശിഹായുടെ മരണോത്ഥാനങ്ങളിലൂടെ സംജാതമായ ദൈവകൃപകളെ അനുദിനജീവിതാനുഭവങ്ങളിൽ, പരിശുദ്ധ കുർബാന ഉൾക്കൊണ്ടതിനുശേഷവും നാം വിസ്മരിക്കുന്നു?.. “നന്ദി പ്രകാശിപ്പിക്കുവാൻ കഴിയാത്തവിധം അത്ര വലിയ അനുഗ്രഹമാണ് നീ ഞങ്ങൾക്കു നല്കിയത്. നിന്റെ ദൈവികജീവനിൽ ഞങ്ങളെ പങ്കുകാരാക്കുവാൻ നീ ഞങ്ങളുടെ മനുഷ്യസ്വഭാവം സ്വീകരിക്കുകയും അധഃപതിച്ചുപോയ ഞങ്ങളെ സമുദ്ധരിക്കുകയും മൃതരായ ഞങ്ങളെ ജീവിപ്പിക്കുകയും ചെയ്തു. പാപികളായ ഞങ്ങളെ കടങ്ങൾ ക്ഷമിച്ചു വിശുദ്ധീകരിച്ചു; ഞങ്ങളുടെ ബുദ്ധിക്കു പ്രകാശം നല്കി. ഞങ്ങളുടെ ശത്രുക്കളെ പരാജിതരാക്കി. ഞങ്ങളുടെ ബലഹീനമായ പ്രകൃതിയെ നിന്റെ സമൃദ്ധമായ അനുഗ്രഹത്താൽ മഹത്ത്വമണിയിക്കുകയും ചെയ്തു ”. ഈ കൃപയാലെല്ലാം നിറഞ്ഞവരാണ് നാം എന്ന് വിശ്വാസത്തോടെ ഏറ്റുപറഞ്ഞ് പരിശുദ്ധ കുർബാനയിലേക്കു വരുമ്പോൾ അവിടെ ദൈവദർശനവും ആശ്വാസവും കണ്ടെത്തും.

വി. ആഗസ്തീനോസിന്റെ ദർശനം ചിന്തോദ്ദീപകമാണ്: “സഹോദരീസഹോദരന്മാരേ, കർത്താവ് എവിടെയാണ് തന്നെ തിരിച്ചറിയണമെന്ന് ആഗ്രഹിക്കുന്നത്? അപ്പം മുറിക്കലിൽത്തന്നെ. നാമാരും ഭയപ്പെടേണ്ടതില്ല. നമ്മൾ അപ്പം മുറിക്കുകയും കർത്താവിനെ തിരിച്ചറിയുകയും ചെയ്യുന്നു. നമുക്കുവേണ്ടിയാണ് അവൻ മറ്റൊരിടത്തും തിരിച്ചറിയപ്പെടാൻ മനസ്സാകാത്തതും അപ്പം മുറിക്കലിൽ സ്വയം വെളിപ്പെടുത്തുന്നതും. കാരണം, നാം ഇനി ഒരിക്കലും അവനെ ശരീരത്തിൽ കാണുകയില്ല. പക്ഷേ, നിങ്ങൾ അവന്റെ ശരീരം ഭക്ഷിക്കും. നിങ്ങൾ വിശ്വാസികളാണെങ്കിൽ, ക്രിസ്ത്യാനികളെന്നു വിളിക്കപ്പെടുന്നെങ്കിൽ, ദൈവാലയത്തിൽ നിങ്ങൾ വരുന്നത് ഉദ്ദേശരഹിതമല്ലെങ്കിൽ, നിങ്ങൾ ഭയത്തോടും പ്രത്യാശയോടുംകൂടെ ദൈവവചനം ശ്രവിക്കുമെങ്കിൽ, തീർച്ചയായും അപ്പം മുറിക്കലിൽ നിങ്ങൾ ആശ്വാസം കണ്ടെത്തും”
(വി. ആഗസ്തീനോസ്).

ഉയിർപ്പിന്റെ സംസ്കാരമുണർത്തുന്ന ജീവിതശൈലികൊണ്ടും, അപരന് ഉയിരേകുന്ന വാക്കുകൾകൊണ്ടും, ഉറ്റവരാണെന്ന ബോധ്യം നല്കുന്ന കർമ്മങ്ങൾകൊണ്ടും, ഉത്ഥിതനാഥന്റെ ആനന്ദത്തികവിൽ നിറവുള്ള ഹൃദയംകൊണ്ടും ഈ ഉയിർപ്പുകാലം ധന്യമാക്കാം.



സെനക്കിൾ ആദ്ധ്യാത്മികത-69

# സഭാജീവിതവും അരൂപിയിലുള്ള ജീവിതവും

റവ. മല്പാൻ മാത്യു വെള്ളാനിക്കൽ

'**അ**രൂപിയിലുള്ള ജീവിതം' എന്നു പറയുമ്പോൾ പലരും അതിനെ മനസ്സിലാക്കുന്നതും ജീവിക്കുന്നതും പരിശുദ്ധ ത്രിത്വത്തിലെ മൂന്നാമാളായ പരിശുദ്ധാത്മാവിലുള്ള ജീവിതമായിട്ടാണ്. അത് ഒരർത്ഥത്തിൽ ശരിയാണെങ്കിലും, പരിശുദ്ധാത്മാവിന് മിശിഹായോടും സഭയോടുമുള്ള ബന്ധം കണക്കിലെടുക്കുന്നില്ലെങ്കിൽ അത് പൂർണ്ണമായ ക്രൈസ്തവജീവിതമാകുകയില്ല. അരൂപിയിലുള്ള ജീവിതം അവശ്യം മിശിഹായോടും സഭയോടും ബന്ധപ്പെട്ട ജീവിതമാണ്.

## അരൂപിയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ

സൃഷ്ടിക്കപ്പെട്ടപ്പോൾത്തന്നെ മനുഷ്യൻ ദൈവാരൂപിയെ സ്വീകരിച്ചവനാണ്: "ദൈവമായ കർത്താവ് ഭൂമിയിലെ പൂഴികൊണ്ട് മനുഷ്യനെ രൂപപ്പെടുത്തുകയും ജീവന്റെ ശ്വാസം അവന്റെ നാസാരന്ധ്രങ്ങളിലേക്കു നിശ്വസിക്കുകയും ചെയ്തു. അങ്ങനെ മനുഷ്യൻ ജീവനുള്ളവനായിത്തീർന്നു" (ഉല്പ 2,7). ഇപ്രകാരം സൃഷ്ടിയിൽത്തതന്നെ ദൈവാരൂപിയെ സ്വീകരിച്ചവനായിട്ടാണ് മനുഷ്യനെ ബൈബിൾ അവതരിപ്പിക്കുന്നതെങ്കിലും ആ ദൈവാരൂപി അവനിൽ വസിക്കുന്നതിനും പ്രവർത്തിക്കുന്നതിനും വിഘാതമായി മനുഷ്യൻ പാപം ചെയ്യുകയും അവന്റെ

ദുഷ്ടത വർദ്ധിക്കുകയും ചെയ്തു (ഉല്പ 6,3-7). അപ്രകാരം അവനു നല്കപ്പെട്ട അരൂപി പ്രവർത്തനരഹിതമായി. പിന്നീട് മിശിഹായിലൂടെ പൂർത്തിയാക്കപ്പെട്ട രക്ഷാകരപ്രവർത്തനത്തിലൂടെയാണ് മനുഷ്യനിലുള്ള അരൂപി സജീവമായത്. പരിശുദ്ധ കന്യകാമറിയത്തിന്റെ സ്തോത്രഗീതത്തിൽ ഇതു വ്യക്തമാകുന്നുണ്ട്: "മറിയം പറഞ്ഞു: എന്റെ ആത്മാവ് കർത്താവിനെ മഹത്ത്വപ്പെടുത്തുന്നു. എന്റെ അരൂപി എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു" (ലൂക്കാ 1,46-47).

## രക്ഷാകരാനുഭവത്തിൽ സജീവമാകുന്ന അരൂപി

പാപത്തിന്റെ ഫലമായി നിർജ്ജീവമാക്കപ്പെട്ട ദൈവാരൂപി സജീവമാകുന്നത് മിശിഹായുടെ രക്ഷാകരപ്രവർത്തനത്തിലൂടെയാണ്. ഈ അരൂപിയെ സ്വന്തമാക്കാൻ ഈശോ എല്ലാ മനുഷ്യരെയും ആഹ്വാനം ചെയ്യുന്നുണ്ട്. വി. യോഹന്നാന്റെ സുവിശേഷത്തിൽ, കൂടാരത്തിരുനാളിന്റെ പശ്ചാത്തലത്തിൽ ഈശോ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു: "ആർക്കെങ്കിലും ദാഹിക്കുന്നെങ്കിൽ അവൻ എന്റെ അടുക്കൽവന്നു കുടിക്കട്ടെ... അവൻ ഇതു പറഞ്ഞത് തന്നിൽ വിശ്വസിക്കുന്നവർ സ്വീകരിക്കാനിരിക്കുന്ന അരൂപിയെപ്പറ്റിയാണ്. അതുവരെയും അരൂപി നല്കപ്പെട്ടിട്ടില്ലായിരുന്നു. എന്തെന്നാൽ ഈശോ അതുവരെയും മഹത്ത്വീകരിക്കപ്പെട്ടിരുന്നില്ല" (യോഹ 7,37-39).

## പരിശുദ്ധാരൂപി: മിശിഹായുടെ അരൂപി

മിശിഹായുടെ പ്രവർത്തനത്തിലൂടെ പരിശുദ്ധാരൂപിയെ നല്കുന്നത് മിശിഹായുടെതന്നെ അരൂപിയായിട്ടാണ്. മിശിഹായുടെ രക്ഷാകരപ്രവർത്തനത്തിന്റെ പൂർത്തീകരണം അവിടുത്തെ മരണവും ഉത്ഥാനവുമാണല്ലോ. ഈശോയുടെ മരണം യോഹന്നാൻശ്ലീഹാ അവതരിപ്പിക്കുന്നത് ഇപ്രകാരമാണ്: "ഈശോ വിനാഗിരി സ്വീകരിച്ചിട്ട് പറഞ്ഞു: എല്ലാം പൂർത്തിയായിരിക്കുന്നു. അവൻ തല ചായ്ച് ആത്മാവിനെ സമർപ്പിച്ചു" (യോഹ 19,30). യോഹന്നാൻ സുവിശേഷകന്റെ കാഴ്ചപ്പാടിൽ ഈശോയുടെ മരണവും ഉത്ഥാനവും കുരിശിൽ സംഭവിച്ചു. 'ഉയർത്തപ്പെടൽ' എന്ന വാക്ക് കുരിശുമരണത്തിന് യോഹന്നാൻ സുവിശേഷകൻ ഉപയോഗിക്കുന്നത് ഇതിന്റെ സൂചനയാണ്. കുരിശിലുള്ള ഉയർത്തപ്പെടൽ മരണോത്ഥാനങ്ങളിലൂടെ മഹത്ത്വത്തിലേക്കുള്ള ഉയർത്തപ്പെടലാണ്. ഈ ഉയർത്തപ്പെടലിലൂടെ ഈശോയുടെ രക്ഷാകരപ്രവർത്തനം പൂർത്തിയാകുന്നു. ഈശോ പരിശുദ്ധാരൂപിയെ, തന്റെ അരൂപിയെ, മനുഷ്യകുലത്തിനായി നല്കുകയും ചെയ്യുന്നു.

## സഭാജീവിതത്തിന്റെ അരൂപി

മിശിഹായുടെ അരൂപി ഇന്നു പ്രവർത്തനനിരതമാകുന്നത് സഭയിലാണ്. സഭയുടെ അടിസ്ഥാനമായിത്തീർന്ന ശ്ലീഹന്മാരോട് ഉത്ഥിതനായ ഈശോ പറയുന്ന വാക്കുകൾ ഈ വസ്തുത വ്യക്തമാക്കുന്നുണ്ട്: "അവരുടെമേൽ നിശ്വസിച്ചുകൊണ്ട് അവരോട് അരുളിച്ചെയ്തു: നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ. നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവ അവരോടു ക്ഷമിക്കപ്പെട്ടിരിക്കും. നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെട്ടിരിക്കും" (യോഹ 20,22-23). ഇത് കുമ്പസാരമെന്ന കൂദാശയിൽ ഒതുക്കേണ്ട വാക്കുകളല്ല. സഭയുടെ പൊതുവായ ദൗത്യത്തെ സൂചിപ്പിക്കുന്നതാണ്. സഭയുടെ ദൗത്യം ഈശോയുടെ ദൗത്യംതന്നെയാണ്. അതായത് ലോകത്തിന്റെ പാപം നീക്കിക്കളയുവാനുള്ള ദൗത്യം (യോഹ 1,29). അതേ ദൗത്യം ശ്ലീഹന്മാരെ ഏല്പിച്ചിട്ടാണ് (യോഹ 20,21) അവർക്കു പരിശുദ്ധാരൂപിയെ

നല്കുന്നത്. അതുകൊണ്ട് മിശിഹായുടെ അരൂപി സഭയുടെ അരൂപിയായിത്തീർന്ന് ലോകത്തെ വിശുദ്ധീകരിക്കുകയാണ്. മിശിഹായുടെ അരൂപി ഇന്ന് സഭയിലാണ് വസിക്കുന്നതും ലോകത്തിന്റെ വിശുദ്ധീകരണം സാധിക്കുന്നതും. സഭയുടെ വചനശുശ്രൂഷയിലൂടെയും കൂദാശാശുശ്രൂഷയിലൂടെയുമാണ് ഇന്ന് പരിശുദ്ധാരൂപി ഈ വിശുദ്ധീകരണപ്രക്രിയയിൽ സജീവമായിത്തീരുന്നത്. അതുകൊണ്ട് സഭയുടെ കൂദാശാജീവിതത്തിലും പ്രാർത്ഥനയിലും സജീവമായി പങ്കെടുത്തുകൊണ്ടാണ് നാം പരിശുദ്ധാത്മാവിലുള്ള ജീവിതം നയിക്കേണ്ടത്.

**പ്രവേശകകൂദാശാജീവിതം**

മാമ്മോദീസാ, തൈലാഭിഷേകം, പരിശുദ്ധ കുർബാന എന്നീ മൂന്നു കൂദാശകളാണ് പ്രവേശകകൂദാശകൾ. ഈ കൂദാശകളുടെ സ്വീകരണത്തിലൂടെയാണ് നാം സഭയുടെ പൂർണ്ണമായ അംഗങ്ങളായിത്തീരുക. മാമ്മോദീസായിൽ നാം അരൂപിയിൽ ജനിക്കുന്നു. തൈലാഭിഷേകം നമ്മെ അരൂപിയുടെ ദാനങ്ങളും ഫലങ്ങളുംകൊണ്ട് നിറയ്ക്കുന്നു. പരിശുദ്ധ കുർബാന നമ്മെ അരൂപിയിൽ വളർത്തുന്നു. അതുകൊണ്ട് പരിശുദ്ധ കുർബാനയിൽ കേന്ദ്രീകൃതമായ, അരൂപിയിലുള്ള സഭാത്മകജീവിതമാണ് യഥാർത്ഥത്തിൽ അരൂപിയിലുള്ള ജീവിതം. അപ്രകാരം അരൂപിയിൽ വളരുവാൻ നമുക്ക് ആത്മാർത്ഥമായി പരിശ്രമിക്കാം.

> "മിശിഹായെ സ്നേഹിക്കുക എന്നത്
> സഭയെ സ്നേഹിക്കുക എന്നതുതന്നെയാണ്"
>
> ബ്രദർ റോജർ ഷൂട്ട്സ്

## ദൈവദാസൻ വില്യം ജക്വീൻതാ പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

സ്നേഹം തന്നെയായ ദൈവമേ/സകല നന്മകളുടേയും ദാതാവായ പിതാവേ/രക്ഷകനായ മിശിഹായേ/വിശുദ്ധിയുടെ അരൂപിയേ/മനുഷ്യകുലത്തോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്താൽ/വിശുദ്ധിയിലേക്കുള്ള ക്ഷണം അങ്ങ് നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നുവല്ലോ./അവിടുത്തെ ദാനങ്ങൾ/ദൈവദാസനായ വില്യം ജക്വീന്താ പിതാവിൽ വിളങ്ങി പ്രശോഭിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത്/ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു./അദ്ദേഹം അവിടുത്തെ പുത്രന്റെ അളവറ്റ സ്നേഹം ധ്യാനിക്കുകയും/വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ അക്ഷീണ പ്രേഷിതനാവുകയും ചെയ്തുവല്ലോ./അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ/അദ്ദേഹത്തിൽ അവിടുത്തെ മഹത്ത്വം വെളിപ്പെടുത്തണമെന്നും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി ഞങ്ങൾ അപേക്ഷിക്കുന്ന ഈ കൃപ/.................... ഞങ്ങൾക്കു നൽകണമെന്നും അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

**പ്രാർത്ഥന ആവശ്യപ്പെടാനും ലഭിച്ച അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താനും അന്വേഷണങ്ങൾക്കും**

**Apostolic Oblates**
Spirituality Centre,
Manganam P.O.,
Kottayam - 686 018
Tel. 0481-2578192



# ആത്മാവും മൊബൈൽ ഫോണും

ജെ. മണ്ണംചേരിൽ

ടോണി വളരെ തിടുക്കത്തിൽ റൂമിലേക്കു കയറിപ്പോയി. ജോലി കഴിഞ്ഞുവരുമ്പോൾ പത്രം വായിച്ചിരിക്കുന്ന അപ്പനോട് അല്പം വാചകമടി പതിവാണ്. ഇന്ന് അവൻ വളരെ അസ്വസ്ഥനാണെന്ന് കുടുംബത്തിലുള്ള എല്ലാവർക്കും മനസ്സിലായി. അല്പനേരത്തിനുശേഷം അവൻ റൂമിൽനിന്നും പുറത്തുവന്നു. ഒരു ദീർഘശ്വാസത്തിനുശേഷം എല്ലാവരും കേൾക്കത്തക്ക രീതിയിൽ അവൻ പറഞ്ഞു: "ഫോൺ സ്വിച്ച് ഓഫായി. ചാർജ് തീർന്നു. ഞാൻ ശ്രദ്ധിച്ചില്ലായിരുന്നു. അത്യാവശ്യം ഒന്നുരണ്ടു കാര്യങ്ങൾ ചെയ്യാനുണ്ടായിരുന്നു. ഒന്നും നടന്നില്ല".

ഇതുകേട്ട അപ്പൻ ചിരിച്ചുകൊണ്ടു പറഞ്ഞു: "അങ്ങനെ വരാൻ വഴിയില്ലല്ലോ. നീ ഞങ്ങളെക്കാൾ കൂടുതൽ അതിനെയല്ലേ ശ്രദ്ധിക്കാറ്. ഞങ്ങൾക്ക് മരുന്നു വാങ്ങുന്നതിനേക്കാൾ കൃത്യതയോടെ അതിൽ നീ പൈസയിടും; ഞങ്ങൾ ഭക്ഷണം കഴിച്ചോ എന്ന് അന്വേഷിക്കുന്നതിനേക്കൾ കൃത്യമായി അത് ചാർജ് ചെയ്യും". അപ്പനെയൊന്നു നോക്കിയിട്ട് അവൻ റൂമിലേക്കു കയറിപ്പോയി.

ഇതെല്ലാം വീക്ഷിക്കുകയായിരുന്ന രണ്ടു മാലാഖമാർ കടുത്ത ചർച്ചയിൽ ഏർപ്പെട്ടു. ചർച്ചയ്ക്കൊടുവിൽ ഒരു അത്യാവശ്യ കണ്ടുപിടുത്തം അനിവാര്യമാണെന്ന നിഗമനത്തിൽ അവർ എത്തിച്ചേർന്നു. ഇതേപ്പറ്റി സംസാരിക്കാൻ അവർ ദൈവത്തിന്റെ അടുത്തു ചെന്നു.

"ദൈവമേ, മനുഷ്യരുടെയെല്ലാം ജീവിതം ഇന്ന് മൊബൈൽ ഫോണിൽത്തന്നെയാണ്. ചുറ്റുമുള്ളവരെയൊന്നും അവർ കാണുന്നില്ല, കേൾക്കുന്നില്ല, ഒന്നും ശ്രദ്ധിക്കുന്നുപോലുമില്ല. ഫോണിനുവേണ്ട കാര്യങ്ങളെല്ലാം അവർ കൃത്യസമയത്തു ചെയ്യും. അതുണ്ടെങ്കിൽ അവർ സന്തോഷത്തിലാണ്. അവരുടെ ജീവനാണത്. ദൈവമേ, നമുക്ക് ഇതുപോലെയെന്തെങ്കിലു മൊന്ന് സൃഷ്ടിച്ച് മനുഷ്യന് കൊടുത്താലോ? അതിൽ നമുക്ക് സ്നേഹവും കരുണയും നല്ല മൂല്യങ്ങളും ഗുണങ്ങളും പുണ്യങ്ങളുമെല്ലാം നിറയ്ക്കാം. അവർ യഥാസമയത്ത് അത് ഉപയോ ഗിച്ചുകൊള്ളുമല്ലോ... മൊബൈൽ ഫോണിനേക്കാൾ സൂക്ഷിച്ച് ഉപയോഗിക്കുമല്ലോ...?"

ദൈവം ചിരിച്ചുകൊണ്ടു പറഞ്ഞു: "അതിലും നല്ല ഒന്ന് ഞാൻ അവർക്കു കൊടുത്തിട്ടു ണ്ട്. അത് ആത്മാവാണ്. എല്ലാവർക്കും അത് നല്കപ്പെട്ടിട്ടുണ്ട്. അവർക്കു നല്കപ്പെട്ട ആത്മാ വിനെ എങ്ങനെ പരിപോഷിപ്പിക്കുന്നു എന്നതിനെ ആശ്രയിച്ചാണ് അവരുടെ ഈലോകജീവി തവും തുടർന്നുള്ള വിധിയും. ആത്മാവിന്റെ ഫലം പുറപ്പെടുവിക്കുന്നവർ തീർച്ചയായും നിത്യ ജീവിതം സ്വന്തമാക്കും". ഇതെല്ലാം കേട്ട് മാലാഖമാർ തിരികെപ്പോയി.


മൊബൈൽഫോൺപോലെ നാമിന്ന് മൂല്യം കൊടുക്കുന്ന നശ്വരമായ വസ്തുക്കളെക്കാൾ എത്രയോ മൂല്യമുള്ളതാണ് നമ്മുടെ ആത്മാവും ആദ്ധ്യാത്മികജീവിതവും! മാമ്മോദീസായി ലൂടെ നമ്മിലേക്ക് കടന്നുവന്നിരിക്കുന്ന അരൂപി നമ്മെ നിത്യതയിലേക്കു നയിക്കുന്ന ദൈവ ത്തിന്റെ സമ്മാനമാണ്. മൊബൈലിൽ സിം ഇല്ലാത്തതുപോലെയാണ് അരൂപിയില്ലാത്ത ശരീ രം. ഇവ രണ്ടും ഉണ്ടെങ്കിലും റീചാർജ് ചെയ്തില്ലെങ്കിൽ അവ നമുക്ക് ഒന്നിനും ഉപകരിക്കുന്നി ല്ല. ഈ റീചാർജുകളാണ് സഭ നമുക്കു നല്കുന്ന വിശുദ്ധ കൂദാശകൾ. പ്രധാനമായും, പരി ശുദ്ധ കുർബാനയും കുമ്പസാരവും. ബാറ്ററിചാർജ് തീരുമ്പോൾ അത് കൃത്യസമയത്ത് ചാർജ് ചെയ്യേണ്ടതുണ്ട്. ഈ ചാർജിങ്ങാണ് നമ്മുടെ പ്രാർത്ഥനകൾ. ഫോണിന് റീചാർജും ചാർജി ങ്ങുമൊക്കെ കൃത്യമായി, മടികൂടാതെ, മുടക്കം വരുത്താതെ ചെയ്യുന്ന നാം നമ്മുടെ ആത്മാ വിനെ എത്രമാത്രം വിലമതിക്കുന്നു എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു.

സ്നേഹമുള്ളവരേ, നോമ്പുകാലവും തുടർന്നുവരുന്ന കർത്താവിന്റെ ഉത്ഥാനവുമെല്ലാം ഏറെ ഭയഭക്തിയോടെ നാം അനുഷ്ഠിക്കുകയും ആചരിക്കുകയും ചെയ്യാറുണ്ട്. ഇവയെപ്പറ്റി യെല്ലാം നാം വളരെയധികം ശ്രവിക്കുകയും ചിന്തിക്കുകയും ചെയ്തിട്ടുണ്ടാവാം. എന്നാൽ ഈ ഉയിർപ്പുകാലം നമുക്ക് കുറച്ചുകൂടി ശ്രദ്ധയോടും ആത്മാർത്ഥതയോടുംകൂടി ചിലവഴി ക്കാം. നമ്മുടെ ആത്മാവിനെ വേണ്ട രീതിയിൽ അപ്ഡേറ്റ് ചെയ്ത്, റീചാർജും ചാർജുമൊക്കെ നല്കി കൂടുതൽ ക്ഷമതയുള്ളതാക്കാം. ഈശോയുടെ ഉത്ഥാനം നമുക്കു പുതുജീവൻ നല്കട്ടെ...

***"ഉന്നതത്തിൽനിന്ന് ഒരു ശബ്ദം കേട്ടതുപോലെയായി രുന്നു അത്: ഞാൻ ശക്തന്മാരുടെ ഭക്ഷണമാണ്: അതു കൊണ്ട് എന്നെ ഭക്ഷിച്ചുകൊണ്ടു വളരുക. എന്നാൽ ശരീരത്തിനുള്ള ഭക്ഷണമെന്നപോലെ നീ എന്നെ നീയാക്കി രൂപാന്തരപ്പെടുത്തുകയല്ല, പിന്നെയോ, നീ എന്നിലേക്കു രൂപാന്തരപ്പെടും"***

*വിശുദ്ധ ആഗസ്തീനോസ്*

പിതൃഹൃദയത്തോടെ-2



# വിശുദ്ധ യൗസേപ്പ് സ്നേഹനിധിയായ ഒരു പിതാവ്

**സുജ ചോതിരക്കുന്നേൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**കു**ടുംബവും പിതൃത്വവും വളരെ വെല്ലുവിളി നേരിടുന്ന ഒരു കാലഘട്ടത്തിലാണ് നമ്മൾ ജീവിക്കുന്നത്. അതിനാൽ കുടുംബങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുവാനും ഒരു നല്ല അപ്പനാകുവാനും വി. യൗസേപ്പിന്റെ സവിശേഷമായ മാതൃക നമുക്കു സ്വന്തമാക്കാം. സ്വർഗ്ഗീയപിതാവിന്റെ ഏറ്റവും ശ്രേഷ്ഠമായ ഒരു കർത്തവ്യമായിരുന്നു തന്റെ പ്രിയപുത്രനെ ഈ ഭൂമിയിലേക്ക് അയയ്ക്കുക എന്നത്. ദൈവപുത്രന്റെ വളർത്തപ്പനാകാനുള്ള ഉത്തരവാദിത്വം ലഭിച്ചത് വിശുദ്ധ യൗസേപ്പിനാണ്. എത്രയോ നല്ല ഒരു അപ്പനാണ് വിശുദ്ധ യൗസേപ്പ് എന്നത് ഫ്രാൻസിസ് പാപ്പാ തന്റെ ശ്ലൈഹികലേഖനമായ 'Patris Corde' (പിതൃഹൃദയത്തോടെ)യിൽ നമ്മെ ഓർമ്മിപ്പിക്കുന്നു. പ്രധാനമായും ഏഴു കാര്യങ്ങളാണ് പാപ്പാ ഇതിൽ സൂചിപ്പിക്കുന്നത്.

### വിശുദ്ധ യൗസേപ്പ്: സ്നേഹനിധിയായ ഒരു പിതാവ്

മറിയത്തിന്റെ ജീവിതപങ്കാളിയും ഈശോയുടെ പിതാവുമായിരുന്നു എന്നതാണ് വിശുദ്ധ യൗസേപ്പിന്റെ ഏറ്റവും വലിയ മഹത്ത്വം. സ്വന്തം ജീവിതവും കർമ്മവും തിരുക്കുടുംബത്തിന്

സമ്പൂർണ്ണമായി സമർപ്പിച്ചുകൊണ്ടാണ് ഒരു കുടുംബനാഥൻ എന്ന നിലയിൽ തന്റെ ഉത്തരവാദിത്വം വിശുദ്ധ യൗസേപ്പ് പൂർണ്ണമാക്കിയത്. 'ഒരു പിതാവിന്റെ ഹൃദയത്തോടെ'... അങ്ങനെയാണല്ലോ യൗസേപ്പിതാവ് ഈശോയെ സ്നേഹിച്ചത്. വിശുദ്ധ ഗ്രന്ഥത്തിൽ അധികം പരാമർശിക്കപ്പെടാതെ പോകുന്ന ഒരു വ്യക്തിയാണ് വിശുദ്ധ യൗസേപ്പ്. എങ്കിലും ഈശോയുടെ ജനനത്തിനും വളർച്ചയ്ക്കുമായി സ്വയം സമർപ്പിക്കുകവഴിയായി ദൈവികരക്ഷാകരപദ്ധതിയിൽ നിർണ്ണായക പങ്കുവഹിച്ച വ്യക്തിയാണ് വിശുദ്ധ യൗസേപ്പ്.

വിശുദ്ധ യൗസേപ്പ് ഒരു വൽസല പിതാവായിരുന്നു. ഒരു കുടുംബനാഥന് തന്റെ കുടുംബത്തോടുള്ള മാനുഷികമായ സ്നേഹത്തെക്കാളുമുപരിയായി സ്വന്തം ജീവിതത്തെ തിരുക്കുടുംബത്തിനുവേണ്ടി ഒരു തിരുമുൽക്കാഴ്ചയായിമാറ്റുവാൻ വിശുദ്ധ യൗസേപ്പിനു സാധിച്ചു. ഈയൊരു സ്നേഹവാത്സല്യം തിരിച്ചറിഞ്ഞതുകൊണ്ടാണ് സഭ ഇന്നും ആ വൽസലപിതാവിന്റെ മാദ്ധ്യസ്ഥ്യം യാചിക്കുന്നത്. നമ്മുടെ ജീവിതത്തിന്റെ ബുദ്ധിമുട്ടുകളിൽ വിശുദ്ധ യൗസേപ്പിന്റെ പക്കലേക്കു പോകുവാൻ, അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം തേടുവാൻ പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ നമ്മെ ഓർമ്മിപ്പിക്കുന്നു.

സ്വപുത്രനെ ഭൂമിയിലേക്ക് അയച്ചപ്പോൾ ഒരു പിതാവിന്റെ സംരക്ഷണം ചേർത്തുവയ്ക്കുവാൻ സ്നേഹനിധിയായ സ്വർഗ്ഗീയ പിതാവ് മറന്നില്ല. മറിയത്തിന്റെ കരംപിടിച്ച് ഈശോ സഞ്ചരിച്ചതുപോലെ യൗസേപ്പിന്റെ കരം പിടിച്ചും അവൻ നടക്കണമെന്ന് പിതാവ് നിശ്ചയിച്ചിരുന്നു. മറിയത്തെ ഈശോയുടെ അമ്മയായി നല്കിയതുപോലെ യൗസേപ്പിനെ അപ്പനായി നല്കിയ നല്ല ദൈവം... ഈശോ ഈ അപ്പനെ നന്നായി സ്നേഹിച്ചു. ശ്രേഷ്ഠമായി അനുകരിച്ചു. യൗസേപ്പിന്റെ മകൻ എന്നറിയപ്പെടുന്നതിൽ ഈശോയ്ക്ക് സന്തോഷമേയുണ്ടായിരുന്നുള്ളൂ. അധികാരത്തോടും, സ്നേഹത്തോടും, വാത്സല്യത്തോടുംകൂടി തന്നെ ഭരമേല്പിച്ച ദൗത്യം പൂർത്തിയാക്കിയ വിശുദ്ധ യൗസേപ്പിനെ അപ്പാ എന്നു വിളിക്കുവാൻ ഈശോയ്ക്ക് എന്നും സന്തോഷമേയുണ്ടായിരുന്നുള്ളൂ. ആ കരങ്ങളിൽ പിതൃസ്നേഹത്തിന്റെ ഊഷ്മളത അനുഭവിച്ചറിയുവാനും ഈശോയ്ക്കു കഴിഞ്ഞിരുന്നു. ഉണ്ണിയായ ഈശോയുടെ ഉള്ളിൽ സ്വർഗ്ഗീയപിതാവിന്റെ രൂപം പകർന്നുകൊടുക്കുവാനും ഒരു മനുഷ്യനെന്ന നിലയിൽ, ജ്ഞാനത്തിലും പ്രായത്തിലും ഈശോയെ വളർത്തുവാനും വി. യൗസേപ്പിനും കഴിഞ്ഞിരുന്നു. ജന്മം നല്കിയാൽമാത്രം ഒരാൾ അപ്പനാകില്ലല്ലോ.

ദൈവപുത്രന്റെ മനുഷ്യാവതാരരഹസ്യത്തിൽ വ്യവസ്ഥകളില്ലാതെ സഹകരിക്കുകയായിരുന്നു യൗസേപ്പിതാവിന്റെ ജീവിതനിയോഗം. ദൈവത്തിന്റെ സ്വപ്നങ്ങൾ സ്വന്തം പദ്ധതികളായി കരുതുന്നവർക്കുമാത്രമേ വ്യവസ്ഥകളില്ലാതെ ദൈവതിരുമുമ്പിൽ നില്ക്കാനാവൂ. ദൈവികപദ്ധതിയനുസരിച്ച് തിരുക്കുമാരന്റെ ശാരീരികസംരക്ഷണത്തിലും, ശിക്ഷണത്തിലും, പരിലാളനയിലും വിശുദ്ധ യൗസേപ്പ് പ്രത്യേകമായ പങ്കാണ് വഹിച്ചത്. ഒരു കുഞ്ഞിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുമ്പോഴെല്ലാം ഒരുവിധത്തിൽ അദ്ദേഹം പിതാവായി മാറുകയാണ്. നമ്മുടെ കുടുംബങ്ങളിലും ഈശോയെപ്പോലെയുള്ള മക്കൾ ഉണ്ടാകണമെങ്കിൽ യൗസേപ്പിതാവിനെപ്പോലെയുള്ള അപ്പൻ വേണം. വിശുദ്ധ യൗസേപ്പിൽ സ്വർഗ്ഗീയ പിതാവിന്റെ സ്നേഹം ദർശിച്ച ഈശോ നമ്മെയും യൗസേപ്പിതാവിന്റെ പിതൃസ്നേഹത്തിനു ഭരമേല്പിക്കുവാൻ ആഗ്രഹിക്കുന്നു. നമ്മുടെ ജീവിതയാത്രയിൽ വിശുദ്ധ യൗസേപ്പ് എന്നും നമ്മുടെ ആത്മീയപിതാവായിരിക്കട്ടെ.

ഈശോയെ വളർത്താൻ ഭാഗ്യം സിദ്ധിച്ച വിശുദ്ധ യൗസേപ്പേ, നീയെത്രയോ ഭാഗ്യവാൻ. നിന്നിലെ പിതൃസ്നേഹം ഞങ്ങളിലും പൂവണിയട്ടെ.



# സ്വർഗ്ഗം കവർന്നവർ

മങ്ങാടൻ

**സ്വ**ർഗ്ഗത്തിന്റെ മാസ്മരികതയിൽ ഉന്മത്തരായി ഓരോ ശ്വാസവും ദൈവത്തിനായി വ്യയം ചെയ്തവരാണ് വിശുദ്ധാത്മാക്കൾ. ലക്ഷ്യം സ്വർഗ്ഗവും മാർഗ്ഗം കുരിശുമായി കണ്ട് ചങ്കു തന്നവനോടുള്ള സ്നേഹത്തെപ്രതി ജീവിതകുരിശുകളെ ചങ്കോടുചേർത്തവർ... ലോകത്തിന്റെ നശ്വരതയിൽ മയങ്ങാതെ സ്വർഗ്ഗത്തിന്റെ അനശ്വരസമ്പാദ്യത്തെ സ്വന്തമാക്കാൻ വെമ്പൽകൊണ്ട് മരണത്തെ ആനന്ദത്തോടെ എതിരേറ്റവർ...

തനിക്കുവേണ്ടി കുരിശിലേറിയവനോടുള്ള സ്നേഹത്താൽ സ്നേഹത്തിന്റെ ചാവേറുകളായവർ... സമ്പന്നതയുടെ കൊടുമുടിയിൽനിന്നും ഇറങ്ങി ദാരിദ്ര്യത്തെ വരിച്ച അസ്സീസിയിലെ വി. ഫ്രാൻസിസും, 'അഗ്നിയിൽ കരിയാത്തവൾ' എന്നറിയപ്പെട്ട വി. ഡൊമിറ്റിലയും, വചനത്തിന്റെ വിരുന്നൊരുക്കി അഴുകാത്ത നാവിന്നുടമയായ വി. അന്തോനീസും, ഈശോയോടുള്ള പ്രേമത്തിന് തടസ്സമാകാൻ സാധ്യതയേറിയ സ്വന്തം കണ്ണുകളെ ചൂഴ്ന്ന വി. ലൂസിയും, ദൈവഹിതത്തിനു തല കുനിച്ച് കന്യാവ്രതക്കാരുടെ കാവലായ വി. യൗസേപ്പും, തിളച്ച ടാറിലേക്ക് നടന്നിറങ്ങി രക്തസാക്ഷിത്വം വരിച്ച വി. പൊട്ടേമിയേനയും, ദൈവസ്നേഹത്തിന്റെ അഗ്നികുണ്ഠത്തിൽ സ്വയം എരിഞ്ഞുതീർന്ന സ്നേഹത്തിന്റെ ചാവേറുകളായിരുന്നു. രക്തസാക്ഷിത്വം... അത് നിണമണിയാൻ ചങ്കൂറ്റമുള്ളവർക്ക് പറഞ്ഞിട്ടുള്ളതാണ്.

ഉയിർപ്പുതിരുനാൾ കഴിഞ്ഞുവരുന്ന വെള്ളിയാഴ്ച സീറോ മലബാർ സഭ സകല വിശുദ്ധരുടെയും തിരുനാൾ ആഘോഷിക്കുമ്പോൾ 90-ാം വയസ്സിൽ അഭൗമികമായ ധീരതയോടെ മരണത്തെ പുല്കിയ, രക്തസാക്ഷിയായ എലെയാസറിന്റെ ജീവിതം നമുക്കൊരു വെല്ലുവിളിയാകണം (2 മക്കബായർ 6). എലെയാസറിനെ വിശുദ്ധഗ്രന്ഥം വിശേഷിപ്പിക്കുന്നതിങ്ങനെയാണ്: ഉന്നതസ്ഥാനീയനായ നിയമജ്ഞൻ, കുലീനഭാവത്തോടുകൂടിയ വയോധികൻ, അവമാനിതനായി ജീവിക്കുന്നതിനേക്കാൾ അഭിമാനത്തോടെ മരിക്കാൻ നിശ്ചയിച്ചവൻ, ജീവനോടുള്ള സ്വാഭാവികസ്നേഹംപോലും മറന്ന് നിഷിദ്ധ വസ്തുക്കൾ രുചിക്കാൻപോലും വിസമ്മതിച്ച ധീരൻ.

യവനാചാരങ്ങൾ യഹൂദരുടെമേൽ അടിച്ചേൽപിച്ച കാലം... ഇതിന്റെ ഭാഗമായി, വിശ്വാസത്തിൽ ഉറച്ചുനിന്നവരെക്കൊണ്ട് അവർക്ക് നിഷിദ്ധമായിരുന്ന വിഗ്രഹാരാധന നടത്തുക, പന്നിമാംസം ഭക്ഷിക്കുക തുടങ്ങിയവ ചെയ്യാൻ പ്രേരണ നല്കുകയും, അത് നിരസിക്കുന്നവർക്ക് ക്രൂരമായ പീഡനങ്ങളും രക്തസാക്ഷിത്വവും സ്വീകരിക്കേണ്ടിവരികയും ചെയ്ത കാലം... ഇത്തരത്തിൽ പീഡനത്തിനിരയായ വ്യക്തിയാണ് എലെയാസർ. മനുഷ്യരുടെ മുമ്പിൽ പ്രീത

## സകല വിശുദ്ധരുടെയും തിരുനാൾ- ഉയിർപ്പിനുശേഷം വരുന്ന ആദ്യവെള്ളി



രാകുവാൻ കൺമുമ്പിൽ സേവ ചെയ്യുന്ന തലമുറയ്ക്ക് എലെയാസറിന്റെ ചങ്കുറപ്പ് ഒരു മാതൃകതന്നെയാണ്. നിഷിദ്ധമായ ബലിമാംസം ഭക്ഷിക്കാൻ രാജാവ് ആജ്ഞാപിക്കുമ്പോൾ ചിരകാലമൈത്രിമൂലം ബലിയുടെ ഭാരവാഹികൾ പന്നിമാംസത്തിനു പകരം ഭക്ഷിക്കാൻ അനുവാദമുള്ള മാംസം രഹസ്യമായി വച്ചിട്ട് എലെയാസറിനെ മരണത്തിൽനിന്ന് രക്ഷപെടുത്താൻ പരിശ്രമിക്കുകയാണ്. ഇവിടെ അദ്ദേഹത്തിന്റെ മറുപടി നമ്മുടെ വിശ്വാസത്തിന്റെ അല്പത്വത്തെ ലജ്ജിപ്പിക്കും. തന്റെ വാർദ്ധക്യത്തിന്റെ അന്തസ്സിനും നരച്ചമുടിയുടെ മഹത്ത്വത്തിനും ബാല്യംമുതൽ നയിച്ച ഉത്തമജീവിതത്തിനും വിശുദ്ധവും ദൈവദത്തവുമായ നിയമത്തിനും യോജിച്ചവിധം ദൃഢനിശ്ചയം ചെയ്ത് അദ്ദേഹം പറയുന്നു: "എന്നെ പാതാളത്തിലേക്ക് അയച്ചുകൊള്ളുക, നമ്മുടെ ഈ പ്രായത്തിന് ഈ അഭിനയം ചേർന്നതല്ല. എലെയാസർ 90-ാം വയസ്സിൽ മതം മാറിയെന്ന് ചെറുപ്പക്കാർ വിചാരിക്കും. ഒരു ചെറിയ നിമിഷംകൂടി ജീവിക്കാൻവേണ്ടി എന്റെ ഈ അഭിനയംമൂലം ഞാൻ അവരെ വഴിതെറ്റിക്കുകയും എന്റെ വാർദ്ധക്യത്തെ പങ്കിലവും അപമാനിതവും ആക്കുകയും ചെയ്യും. തൽക്കാലത്തേക്ക് മനുഷ്യശിക്ഷയിൽനിന്ന് എനിക്ക് ഒഴിവാകാമെങ്കിലും സർവ്വശക്തന്റെ കരങ്ങളിൽനിന്ന്, ജീവിച്ചാലും മരിച്ചാലും രക്ഷപെടുകയില്ല. അതിനാൽ പൗരുഷത്തോടെ ഞാൻ എന്റെ ജീവൻ അർപ്പിക്കുകയാണ്".

സംപൂജ്യവും വിശുദ്ധവുമായ നിയമത്തിനുവേണ്ടി സ്വമനസ്സാലെ ശ്രേഷ്ഠമരണം വരിച്ച ധീരാത്മാവ്... ഉത്കടമായ ശരീരവേദനയുടെ മധ്യത്തിലും കർത്താവിനോടുള്ള ഭക്തിയാൽ സഹിക്കുന്നതിൽ ആത്മാവിൽ സന്തോഷിച്ചവൻ... ലോകം നിലനില്ക്കുന്നിടത്തോളം കാലത്തേയ്ക്ക് ധീരമരണത്തിന് ശ്രേഷ്ഠമാതൃകയായവൻ...

സഹനം സ്വർഗ്ഗത്തിലേക്കുള്ള 'പ്രവേശനപാസ്സ്' ആണെന്ന് വിശുദ്ധർ തിരിച്ചറിഞ്ഞിരുന്നു. സകല വിശുദ്ധരുടെയും തിരുനാൾ സഭ ആചരിക്കുമ്പോൾ വിശുദ്ധർ തങ്ങളുടെ ജീവിതംവഴിയായി സംസാരിക്കുന്നു. ''ഇഹത്തിൽ കൊതിയോടെ രക്തസാക്ഷിത്വത്തിനായി പ്രാർത്ഥിച്ചു കാത്തിരിക്കുക". വിയറ്റ്നാമിലെയോ, സിറിയയിലെയോ പോലെയുള്ള ഒരു മതപീഡനം ഇപ്പോൾ നമുക്കില്ല. എന്നാൽ രക്തസാക്ഷികളുടെ ചുടുനിണത്താൽ പരിപോഷിപ്പിക്കപ്പെട്ട സഭയിൽ നിന്നുകൊണ്ട് അനുദിന ജീവിതത്തിൽ രക്തസാക്ഷിത്വത്തിനു തുല്യമായി നേരിടേണ്ടിവരുന്ന അനുഭവങ്ങളെ സ്നേഹത്തോടെ ആശ്ലേഷിക്കാം. അത് കുടുംബത്തിൽനിന്നാവാം, ജീവിതപങ്കാളിയിൽനിന്നാവാം, മക്കളിൽനിന്നാവാം, ആയിരിക്കുന്ന സാഹചര്യങ്ങളിൽനിന്നാവാം. ഇവയെ കുരിശോടു ചേർത്തു നിശബ്ദമായി സഹിച്ച്, സ്വർഗ്ഗത്തിൽ ഇടം ഉറപ്പിക്കാം. അപ്പോൾ സ്വർഗ്ഗംതന്നെ നിനക്ക് കൂട്ടിനുണ്ടാവും.



ഫ്രത്തേല്ലി തൂത്തി-2

# സാർവ്വത്രിക സാഹോദര്യം

**റവ. ഡോ. തോമസ് വടക്കേൽ**
**പാലാ രൂപത**

**സാ**ഹോദര്യത്തെയും സാമൂഹിക സൗഹൃദത്തെയും സംബന്ധിച്ച് വളരെ മനോഹരമായി 'നാം സോദരർ' എന്ന ചാക്രികലേഖനത്തിൽ അവതരിപ്പിക്കുന്ന പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പാ, ഈ ലേഖനത്തിന്റെ ആമുഖത്തിൽ വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ ജീവിതത്തോടു ബന്ധപ്പെടുത്തി 'അതിരുകളില്ലാതെ' എല്ലാവരോടും ഇടപെടണമെന്ന് പറയുകയാണ് (3-7). വിശുദ്ധ ഫ്രാൻസിസ് അസ്സീസി ഉത്ഭവത്തിന്റെയോ, ദേശീയതയുടെയോ, വർണ്ണത്തിന്റെയോ, മതത്തിന്റെയോ വ്യത്യസ്തതകൾക്ക് അപ്പുറമായി എല്ലാവരെയും സ്നേഹിക്കുന്ന വിശാലഹൃദയത്തിന്റെ ഉടമയായിരുന്നു. കർത്താവിനോടുള്ള വിശുദ്ധ ഫ്രാൻസിസിന്റെ വിശ്വസ്തത മറ്റുള്ള സഹോദരങ്ങളോടുള്ള അദ്ദേഹത്തിന്റെ സ്നേഹത്തോടു പൊരുത്തപ്പെടുന്നതായിരുന്നു. തന്റെ സ്വത്വം പരിത്യജിക്കാതെ, മറ്റ് അവിശ്വാസികളുടെ ഇടയിൽ സഹോദരങ്ങളെ സഹോദരങ്ങളായി കണ്ടെത്തിയ വ്യക്തിയാണ് വിശുദ്ധ ഫ്രാൻസിസ്.

വാക്കുകൾക്കൊണ്ട് യുദ്ധം ചെയ്യാതെ എല്ലാവർക്കും സ്നേഹം പകർന്നു നല്കിക്കൊണ്ട് സഞ്ചരിക്കുന്നവനാണ് വിശുദ്ധ അസ്സീസി. ദൈവം സ്നേഹമാണെന്നും സ്നേഹത്തിൽ വസിക്കുന്നവർ ദൈവത്തിലും ദൈവം അവനിലും വസിക്കുമെന്ന് (1 യോഹ 4,16) തിരിച്ചറിഞ്ഞ വിശുദ്ധ ഫ്രാൻസിസ് സാമൂഹ്യസാഹോദര്യത്തെക്കുറിച്ചുള്ള ദർശനത്തിന് പ്രചോദനം നല്കി. ഫ്രത്തേല്ലി തൂത്തി എന്ന ചാക്രികലേഖനം എഴുതുവാൻ ഫ്രാൻസിസ് മാർപാപ്പായ്ക്കു പ്രചോദനമായതും വിശുദ്ധ അസ്സീസിയുടെ ഈ ജീവിതമനോഭാവമാണ്.

വിശുദ്ധ ഫ്രാൻസിസിന്റെ ജീവിതംതന്നെ തനിക്ക് പ്രചോദനമായതുപോലെ, ഫ്രാൻസിസ് പാപ്പായ്ക്ക് ഈ ലേഖനം എഴുതുവാൻ പ്രചോദനമായത് ഗ്രാൻഡ് ഇമാം അഹമ്മദ് അൽ-തായെബുമായി അബുദാബിയിൽ വച്ചു നടത്തിയ കണ്ടുമുട്ടലും സംഭാഷണങ്ങളും തുടർന്നു രൂപ

പ്പെട്ട വിചിന്തനങ്ങളുമാണ്. "ദൈവം എല്ലാ മനുഷ്യജീവികളെയും അവകാശങ്ങളിലും ചുമതലകളിലും അന്തസ്സിലും തുല്യരായി സൃഷ്ടിച്ചു. സഹോദരീസഹോദരന്മാരായി ജീവിക്കുവാൻ അവരെ ദൈവം വിളിച്ചു". നയതന്ത്രപരമായ ഒരു ഇടപെടൽ എന്നതിനെക്കാൾ പൊതുവായ ഒരു പ്രതിബദ്ധതയിൽനിന്നും രൂപം കൊണ്ട ചിന്തയായിരുന്നു ഇത്.

വാക്കുകളുടെ തലത്തിൽമാത്രം ഒതുങ്ങുന്ന ഒരു സാഹോദര്യത്തിൽനിന്നും പ്രവൃത്തിപഥത്തിലേക്കുവരുന്ന ഒരു പുതിയ സാമൂഹ്യസൗഹൃദം രൂപപ്പെടുത്തുവാൻ ഫ്രാൻസിസ് പാപ്പാ ആഗ്രഹിക്കുന്നു. ജീവിതത്തെ ഒറ്റയ്ക്കു നേരിടാൻ പ്രയാസകരമായ സാഹചര്യത്തിൽ ഒന്നിച്ചു പ്രവർത്തിച്ചുകൊണ്ട്, പരസ്പരം പിന്താങ്ങുകയും സഹായിക്കുകയും ചെയ്തുകൊണ്ട്, ഏകമാനവകുടുംബം എന്ന നിലയിൽ, പൊതുഭവനമായ ഭൂമിയുടെ മക്കൾ എന്ന നിലയിൽ പ്രവർത്തിക്കുവാൻ ഈ ലേഖനത്തിൽ പാപ്പാ ആഹ്വാനം ചെയ്യുന്നു.

എട്ട് ഖണ്ഡികകളിലായുള്ള ആമുഖത്തിനുശേഷം "അടഞ്ഞ ലോകത്തിന്റെമേൽ ഇരുണ്ട മേഘങ്ങൾ" എന്ന ഒന്നാമത്തെ അദ്ധ്യായത്തിൽ ഇന്നത്തെ ലോകത്തിൽ സാർവ്വത്രിക സാഹോദര്യത്തിന്റെ വികാസത്തിന് തടസ്സമായി നില്ക്കുന്ന ചില പ്രവണതകളെ പാപ്പാ ചൂണ്ടിക്കാട്ടുകയാണ്. രാജ്യങ്ങൾ തമ്മിലുള്ള ഭിന്നതകളുടെയിടയിൽ സമാധാനത്തിന്റെയും ഐക്യത്തിന്റെയും പാലങ്ങൾ പണിയുന്നതിനുള്ള ശ്രമങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും, പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടെങ്കിലും, ചില രാജ്യങ്ങളിലും മേഖലകളിലും അനുരഞ്ജനത്തിനും സുഹൃദ്ബന്ധങ്ങളുടെ പുനഃസ്ഥാപനത്തിനുംവേണ്ടി നടത്തിയ പരിശ്രമങ്ങൾ പൂർണ്ണമായി വിജയിച്ചിട്ടില്ല. കൂടാതെ, ഹ്രസ്വദൃഷ്ടിയുള്ള, തീവ്രവാദസ്വഭാവത്തോടുകൂടിയ, വിദ്വേഷപൂർണ്ണവും അക്രമണോത്സുകവുമായ ഒരു ദേശീയവാദം ഉയർന്നുവരുന്നുമുണ്ട്. ചില രാജ്യങ്ങളിൽ ദേശീയ താല്പര്യങ്ങളെ പ്രതിരോധിക്കാനെന്ന ഭാവത്തിൽ, വിവിധ പ്രത്യയശാസ്ത്രങ്ങളുടെ സ്വാധീനത്തിൽപ്പെട്ട്, ജനപ്രിയമുള്ളതും ദേശീയവുമായ ഐക്യത്തെക്കുറിച്ചുള്ള സങ്കല്പം സ്വാർത്ഥതയുടെ പുതിയ രൂപങ്ങളെ സൃഷ്ടിക്കുന്നു; കൂടാതെ സാമൂഹിക അവബോധത്തിന്റെ നഷ്ടത്തിനും കാരണമാകുന്നു.

വ്യക്തിതാല്പര്യങ്ങളെ അമിതമായി പ്രോത്സാഹിപ്പിക്കുകയും ജീവിതത്തിന്റെ സാമൂഹികമാനത്തെ ദുർബലപ്പെടുത്തുന്ന വ്യവസ്ഥിതികൾ രൂപീകരിക്കുകയും ചെയ്യുക എന്നത് അപകടകരമാണ്. പൊതുനന്മ അവഗണിക്കപ്പെടുന്ന ഒരു സാഹചര്യമാണ് ഇന്നുള്ളത്. പല പദ്ധതികളും രാജ്യങ്ങൾ തമ്മിൽ ഉണ്ടാക്കുമ്പോൾ അത് അവരെ പരസ്പരം അയൽക്കാരാക്കി മാറ്റുന്നു. എന്നാൽ സഹോദരങ്ങളാക്കുന്നില്ല. അയൽക്കാരനും സഹോദരനും തമ്മിലുള്ള തീവ്രമായ ബന്ധത്തിന്റെ അടിസ്ഥാനത്തിലാണ് പാപ്പാ ഇപ്രകാരം സംസാരിക്കുന്നത്.

സാർവ്വതിക സാഹോദര്യത്തിന്റെ വളർച്ചയ്ക്ക്, വികാസത്തിന് തടസ്സമായി നില്ക്കുന്ന മറ്റൊരു ഘടകം 'ചരിത്രാവബോധത്തിന്റെ അവസാനം' ആണ്. പുതിയ പ്രത്യയശാസ്ത്രങ്ങൾ അവതരിപ്പിച്ചുകൊണ്ട് യുവജനങ്ങളെ വഴിമാറ്റിവിടുന്ന സംസ്കാരത്തെ പാപ്പാ ഭയപ്പാടോടുകൂടിയാണ് കാണുന്നത്. ചരിത്രത്തെ അവഗണിക്കാനും, ഭൂതകാലത്തെ അവജ്ഞയോടെ വീക്ഷിക്കുവാനും യുവജനങ്ങളെ പ്രേരിപ്പിക്കുന്ന വിവിധ പ്രത്യയശാസ്ത്രങ്ങൾ ധാരാളമായി കാണപ്പെടുന്നുണ്ട്. ഇതു യുവജനങ്ങളെ വെറും പൊള്ളയായവരും പിഴുതെറിയപ്പെട്ടവരും അവിശ്വസ്തരും ആക്കിമാറ്റും. പാരമ്പര്യങ്ങളെ ഉപേക്ഷിക്കുകയും തന്റെതന്നെ ആത്മാവിനെ അപഹരിക്കുവാൻ മറ്റ് പ്രത്യയശാസ്ത്രങ്ങളെ അനുവദിക്കുകയും ചെയ്യുമ്പോൾ യുവജനങ്ങളുടെ ആത്മീയതനിമ നഷ്ടപ്പെടുകയും ധാർമ്മിക സുസ്ഥിരതയും ബൗദ്ധികസ്വാതന്ത്ര്യവും കൈമോശം വരുകയും ചെയ്യും.



# തുറക്കേണ്ട വാതിൽ

സ്റ്റെഫി മംഗലത്തുകുന്നേൽ

ക്വാറന്റൈൻ, സോഷ്യൽ ഡിസ്റ്റൻസ്, കണ്ടെയ്ൻമെന്റ് സോൺ... കേട്ടു മടുത്ത കുറെ വാക്യങ്ങൾ. ഒരു അവധിക്കുവേണ്ടി കൊതിച്ചിരുന്നവരൊക്കെയും നീണ്ട അവധിമൂലം മടുത്തിരിക്കുന്നു. ഏഴാം ക്ലാസ്സുകാരനോട് കുസൃതിയായി പറഞ്ഞതാണ്: 'സ്കൂളിൽ പോകേണ്ട, പഠിക്കാനും അധികമില്ല, എന്നും ടി.വി. കാണുകയും കളിക്കുകയും ചെയ്യാമല്ലോ'. ചോദ്യം തന്നെ ശരിയല്ലായിരുന്നുവെന്നു വ്യക്തമാക്കുന്നതായിരുന്നു അവന്റെ മറുപടി: 'എനിക്കു കൂട്ടുകാരെ കാണണം'. നീണ്ട അവധിയും ബന്ധങ്ങളും ആഘോഷങ്ങളുമില്ലാത്ത ജീവിതവും വിരസമായിരിക്കുന്നു പലർക്കും. ഇനിയെന്ത് എന്നത് ഒരു ചോദ്യചിഹ്നമായി അവശേഷിക്കുന്നു.

ഈശോയുടെ മരണത്തിനും ഉത്ഥാനത്തിനുമിടയിലുള്ള സമയം ശിഷ്യന്മാർക്കുണ്ടായിരുന്ന മനോഭാവമാണ് നമ്മിൽ പലർക്കും ഇപ്പോൾ. ഭാവിയെക്കുറിച്ച് ഒന്നും കരുതാൻ വയ്യാത്ത അവസ്ഥ. ജോലിക്കോ പഠനത്തിനോ പോകാനുള്ള ആവേശത്തിൽ ടെസ്റ്റ് ചെയ്യുമ്പോഴാണ് കോവിഡ് പോസിറ്റീവാണെന്നറിയുക. ആവേശം ചോർന്നൊലിച്ചു എന്നു മാത്രമല്ല അതുവരെ ലഭ്യമായിരുന്നതൊന്നും കിട്ടാതെ ഒരു അടച്ചിട്ട മുറിയിൽ.... നെഗറ്റീവായാലും ഇരിക്കണം വീണ്ടും ഒരാഴ്ച. മെയ്യനങ്ങുന്ന ജോലിയൊന്നു ചെയ്യേണ്ട, ഭക്ഷണം മുറിയിൽ കിട്ടും. എന്നാലും ഈ അവസ്ഥയിലൂടെ കടന്നുപോയവർ പറയും, സഹനമാണു കേട്ടോ....

ഒരു സൂക്ഷ്മാണു ലോകത്തെ മുഴുവൻ താഴിട്ടു പൂട്ടിയതോടൊപ്പം ജീവിതത്തിൽ പൂട്ടേണ്ടതും പൂട്ടരുതാത്തതും എന്തൊക്കെയെന്നു പഠിപ്പിച്ചു. 'യഹൂദരെ ഭയന്ന് കതകടച്ചിരുന്ന' ശിഷ്യന്മാർ കൂടെ നടന്നു ബലമേകിയവന്റെ സാന്നിധ്യം ഒരിക്കൽകൂടി തിരിച്ചറിഞ്ഞപ്പോൾ അടച്ച വാതിലുകൾ തുറന്ന് പുറത്തിറങ്ങി. എല്ലാ ബന്ധങ്ങളെക്കാളുമുപരിയായ ബന്ധം ദൈവത്തോടുള്ളതാണെന്നും ലോകത്തിന്റേതായ യാതൊരു ബന്ധനങ്ങൾക്കും അതു തകർക്കാനാവില്ലെന്നും വിശുദ്ധരുടെയും രക്തസാക്ഷികളുടെയും ജീവിതം നമ്മെ പഠിപ്പിക്കുന്നു.

എല്ലാ വാതിലുകളും അടച്ചുപൂട്ടി ഭദ്രമാക്കി വയ്ക്കാനുള്ളതല്ല ജീവിതം. അടയ്ക്കേണ്ട വാതിൽ അടയ്ക്കാനും തുറക്കേണ്ട വാതിൽ തുറക്കാനുമുള്ള വിവേകം നമുക്കുണ്ടാകണം. ഉള്ളിൽ കോപം തിളച്ചുമറിയുമ്പോൾ അധരങ്ങൾക്കു താഴിടാനും വിനാശത്തിന്റെ വഴിയേ

ചരിക്കുന്നവരെ തിരുത്താൻ അതു വീണ്ടും തുറക്കാനും ക്രിസ്ത്യാനിയായ എനിക്കു കടമയുണ്ട്.

ലോകം വച്ചുനീട്ടുന്ന സുഖങ്ങളെല്ലാം എനിക്കു സുഖം തരില്ലെന്നു നോമ്പുകാലം നമ്മെ ഓർമ്മപ്പെടുത്തി. ഉത്ഥാനത്തിന്റെ ആഹ്ലാദത്തിൽ ആ ഓർമ്മ മരിക്കാതിരിക്കട്ടെ. നിത്യജീവിതത്തിനുതകാത്തവയുടെ നേർക്ക് വാതിലടയ്ക്കാനുള്ള ധൈര്യം നമുക്കുണ്ടാവണം.


എന്തിനൊക്കെയോ വേണ്ടിയുള്ള ഈ പരക്കംപാച്ചിലിനിടയിൽ ഒരൽപസമയം പഞ്ചേന്ദ്രിയങ്ങളുടെ വാതിലടച്ച് ഉള്ളിലുള്ള ദൈവത്തെ കണ്ടുമുട്ടാനായാൽ അവൻ പറയും: 'വെറുതെ ഓടേണ്ട, വലതുവശത്തു വലയിറക്കിയാൽ മതി, നിറയെ മീൻ കിട്ടും'. പറഞ്ഞത് അക്ഷരംപ്രതി അനുസരിച്ചവർക്കു കിട്ടിയിട്ടുണ്ട് നിറയെ പ്രതിഫലം.

ഗുരുവിന്റെ കൂടെ നടന്നപ്പോൾ ശിഷ്യന്മാർക്കു യാതൊന്നിലും പരാതിയുണ്ടായിരുന്നില്ല. വിശന്നപ്പോൾ വയലിലെ കതിരുകൾ പറിച്ചു തിന്നിട്ടുണ്ട്. പക്ഷേ വിശന്നതിൽ പരിഭവമില്ലായിരുന്നു. എന്നാൽ ഗുരു കൂടെയില്ലെന്നു തോന്നിയപ്പോൾ, പരിഭ്രമം കണ്ണുകളെ അന്ധമാക്കിയപ്പോൾ പുറത്തിറങ്ങാൻ തുറന്ന വാതിൽ മാറിപ്പോയോ? കൂടെയുണ്ടായിരുന്നവരും ആ കൂടെത്തന്നെ പോയി എന്നതാണു ചരിത്രം. എന്റെ കൂടെ നടക്കുന്നവർ വഴിമാറി നടന്നു എന്നു മനസ്സിലായാൽ, ഇതു ഗുരു കാണിച്ചുതന്ന വഴിയല്ലെന്നു പറയാൻ എന്റെ നാവിന്റെ പൂട്ടു ഞാൻ തുറക്കേണ്ടതല്ലേ? എന്തായാലും ഗുരു കരയിൽ ഉണ്ടായിരുന്നു. വിളിച്ചു. ആ സ്വരം തിരിച്ചറിഞ്ഞ ശിഷ്യൻ കൂട്ടുകാരോടു പറഞ്ഞു: 'അതു കർത്താവാണ്'. തിരിച്ചു നടക്കാൻ മനസ്സായപ്പോൾ ഗുരു നൽകുന്ന സന്തോഷം ഒരിക്കൽകൂടി അനുഭവിക്കാനിടയായി. സുഖത്തിലും സന്തോഷത്തിലും മതിമറന്ന് ആഹ്ലാദിക്കാതെ നമ്മെ പരിപാലിക്കുന്ന ദൈവത്തിങ്കലേക്കു നമ്മുടെ ഹൃദയം തുറക്കാം. ജീവൻ തന്ന് നമ്മെ പരിപാലിക്കുന്ന നല്ല ദൈവത്തിനു നന്ദി പറഞ്ഞുകൊണ്ട് ഈ ഉയിർപ്പുകാലം സന്തോഷത്തിന്റെ സാക്ഷ്യം നൽകാം.


**STATEMENT ABOUT OWERSHIP AND OTHER PARTICULARS ABOUT NEWSPAPER PRATHEEKSHAYUDE POOMOTTUKAL**

**Form - IV**

| | |
|---|---|
| 1. Place of Publication | :Manganam, Spirituality Centre; Manganam P.O., Kottayam |
| 2. Periodicity of Publication | : Monthly |
| 3. Printer's Name | :Annamma Kulathupurayidom |
| Nationality | :Indian |
| Address | :Spirituality Centre, Manganam P.O., Kottayam-686 018 |
| 4. Publisher's Name | :Annamma Kulathupurayidom |
| Nationality | :Indian |
| Address | :Spirituality Centre, Manganam P.O., Kottayam-686 018 |
| 5. Editor's Name | :Fr. Mathew Vellanickal |
| Nationality | :Indian |
| Address | : Spirituality Centre, Manganam P.O., Kottayam-686 018 |




# ജോഷ്വാ

ഷിജി പറപ്പള്ളിയാത്ത്

**മോ**ശയുടെ പിൻഗാമിയായി ഇസ്രായേൽജനത്തെ വാഗ്ദത്തനാട്ടിലെത്തിച്ച നേതാവായിരുന്നു ജോഷ്വാ. എഫ്രായിം ഗോത്രത്തിൽപ്പെട്ട നൂനിന്റെ മകൻ ഹൊഷെയയ്ക്ക് മോശയാണ് ജോഷ്വാ എന്ന പേരു നൽകിയത്. 'യഹോവ രക്ഷിക്കുന്നു' എന്നാണ് ഈ പേരിനർത്ഥം. ഈജിപ്താണ് അവന്റെ ജന്മദേശം. കാനാൻദേശം ഒറ്റുനോക്കാനായി പോയ പന്ത്രണ്ടുപേരിൽ ഒരാളായിരുന്നു ഇദ്ദേഹം. കാനാൻദേശത്തിന്റെ സ്ഥിതി മനസിലാക്കി തിരികെ വന്ന് ആ ദേശം വിശിഷ്ടമാണ്, കർത്താവാണ് തങ്ങൾക്കത് നൽകിയതെന്ന് ഉറപ്പോടുകൂടിപറഞ്ഞ രണ്ടുപേരിൽ ഒരാളാണ് ജോഷ്വാ.

കളങ്കമില്ലാത്ത ഒരു നേതാവിനെയും മാന്യനായ ഒരു വ്യക്തിയെയുമാണ് ജോഷ്വായിൽ കണ്ടെത്തുവാനാവുക. റഫിദീമിൽ വച്ച് അമലേക്യരുമായുള്ള യുദ്ധത്തിൽ അവരെ അരിഞ്ഞുവീഴ്ത്തി ഇസ്രായേലിന് വിജയം നൽകാൻ ധീരതയോടെ നിന്ന നേതാവാണെന്ന് പുറപ്പാട് പുസ്തകം 17,9-14 കാട്ടിത്തരുന്നു. അതുപോലെ സീനായ്മലയിൽ മോശയോടൊപ്പം വിശ്വസ്തസേവകനായി ജോഷ്വാ നിൽക്കുന്നത് നമുക്ക് ദർശിക്കാനാവും (പുറ 24,13; 32,17; 33,11).

ദൈവിസാന്നിദ്ധ്യത്തിൽ മോശയുടെ ദാസനായി സേവനം ചെയ്ത ജോഷ്വാ ദൈവത്തിന്റെ ദാസനായി ഇസ്രായേൽജനത്തിന്റെ നേതാവായി നിയമിതനാകുന്നു. തനിക്കുശേഷം ഇസ്രായേൽജനം ഇടയനില്ലാത്ത ആടുകളെപ്പോലെ ആയിപ്പോകാതിരിക്കാൻ വേദനയോടെ അപേക്ഷിക്കുന്ന മോശയോട് കർത്താവ് പറയുന്നത് ഇപ്രകാരമാണ്. "നൂനിന്റെ മകനും ആത്മാവ് കുടികൊള്ളുന്നവനുമായ ജോഷ്വായെ വിളിച്ച് അവന്റെമേൽ നിന്റെ കൈവയ്ക്കുക" (സംഖ്യ 27,15-23). മോശയുടെ കാലശേഷം ഭയവും പരിഭ്രമവുമില്ലാതെ ഇസ്രായേലിനെ വാഗ്ദത്തഭൂമിലേക്ക് നയിക്കാൻ ജോഷ്വാ നിയമിതനാകുന്നു (നിയ 31,1-8).

അമോര്യരാജാക്കന്മാരായ സീഹോനെയും ഓഗിനെയും തോൽപിച്ച ജോഷ്വായെ മോശയ്ക്ക് പരിചയമുണ്ട്. അവൻ യുദ്ധക്കളത്തിൽ നിർഭയനും യുദ്ധതന്ത്രത്തിൽ അതിനിപുണനുമാണ്. ഒപ്പം ബുദ്ധിമാനായ ഉപദേശകനും, പൂർണ്ണഹൃദയത്തോടെ ദൈവത്തെയും ജനത്തെയും സേവിച്ചവനുമാണ്. ദൈവം തന്റെ സംരക്ഷണം നിരന്തരം ജോഷ്വായ്ക്ക് നൽകുന്നുണ്ട്. അവിടുന്നു പറയുന്നു: "നിന്റെ ആയുഷ്കാലത്ത് ഒരിക്കലും ആർക്കും നിന്നെ തോല്പിക്കാൻ സാധിക്കില്ല. ഞാൻ മോശയോടുകൂടെ എന്നതുപോലെ നിന്നോടുകൂടെ ഉണ്ടായിരിക്കും. ഒരിക്കലും നിന്നെ കൈവിടുകയില്ല. ശക്തനും ധീരനുമായിരിക്കുക" (ജോഷ്വാ 1,5-9; നിയ 31,23). തുടർന്ന് നാം കാണുക ജോഷ്വായുടെ നേതൃത്വത്തിൽ ഇസ്രായേൽ ജനം ജോർദ്ദാൻ നദിയിൽ വരണ്ട നിലത്ത് എന്നതുപോലെ സഞ്ചരിക്കുന്നു. ഭൂമി മുഴുവന്റെയും നാഥനായ കർത്താവിന്റെ പേടകം വഹിക്കുന്ന പുരോഹിതരുടെ ഉള്ളംകാൽ നദീജലത്തിൽ സ്പർശിച്ചപ്പോൾ വെള്ളത്തിന്റെ ഒഴുക്ക് നിലയ്ക്കുകയും മുകളിൽനിന്ന് വരുന്ന വെള്ളം ചിറപ്പോലെ കെട്ടിനിൽക്കുകയും ചെയ്തു.

ജറീക്കോ പട്ടണം പിടിച്ചടക്കിയതോടെയാണ് ജോഷ്വായുടെ കീർത്തി ഏറെ ശ്രദ്ധേയമായത്. കർത്താവിന്റെ സത്യസന്ധനായ ഒരു ധീരപടയാളി. ഏഴുദിവസങ്ങൾക്കൊണ്ട് പട്ടണത്തിന്റെ ബലവത്തായ കോട്ടകൾ തുറക്കപ്പെട്ടു. അങ്ങനെ അവർ ആ നാടു സ്വന്തമാക്കി (ജോഷ്വാ 6,1-27).

ഇസ്രായേൽജനം അമോര്യർക്കെതിരെ യുദ്ധം ചെയ്തദിവസം ജോഷ്വാ പ്രാർത്ഥിച്ചു: "സൂര്യാ, നീ ഗിബയോനിൽ നിശ്ചലമായി നിൽക്കുക, ചന്ദ്രാ, നീ അയ്യാലോൺ താഴ്വരയിലും നിൽക്കുക" (ജോഷ്വാ 10,12-15). തന്റെ പ്രിയജനതയ്ക്കുവേണ്ടിയുള്ള ഒരു നേതാവിന്റെ കരുതലും ഉറച്ച വിശ്വാസവും ആത്മബോധ്യവും നിറഞ്ഞ പ്രാർത്ഥനയാണിത്. ആകാശമദ്ധ്യേ ഒരു ദിവസം മുഴുവനും സൂര്യൻ നിശ്ചലനായി നിലകൊണ്ടു. ചന്ദ്രൻ അനങ്ങിയില്ല. ആത്മാർത്ഥതയുള്ള മനുഷ്യന്റെ മുമ്പിൽ അനുഗ്രഹം ചൊരിയാതിരിക്കുമോ ദൈവം! കാരണം ജോഷ്വായ്ക്ക് അറിയാമായിരുന്നു താനല്ല കർത്താവാണ് ഇസ്രായേലിനുവേണ്ടി അമോര്യർക്കെതിരെ യുദ്ധംചെയ്തതെന്ന്. പ്രതികൂലസാഹചര്യങ്ങളിൽ പതറാതെ ദൈവാശ്രയത്തിന്റെ ബലത്തിൽ ഇസ്രായേൽ ജനത്തെ ജോഷ്വ ധൈര്യപ്പെടുത്തി ചേർത്തുനിർത്തി. ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ജനത്തിന്റെ ഉത്തമനായ നേതാവായിരുന്നു അദ്ദേഹം. ശത്രുക്കൾക്കെതിരെ വാളുയർത്തിയപ്പോൾ അവൻ എത്ര പ്രതിഭാശാലിയായിരുന്നു. മക്കേദായിലെ ഒരു ഗുഹയിലൊളിച്ചിരുന്ന അഞ്ച് രാജാക്കന്മാരെ കീഴടക്കുകയും കൂടെയുള്ളവരെ ധൈര്യപ്പെടുത്തുയും ചെയ്ത് ജോഷ്വാ നിർഭയം ഉറച്ചുനില്ക്കുവാൻ അവരെ പ്രേരിപ്പിക്കുന്നു (ജോഷ്വാ 10,25-26).

ശത്രുക്കൾ ചുറ്റും വളഞ്ഞപ്പോൾ ദൈവജനത്തെ ശക്തിപ്പെടുത്തുക മാത്രമല്ല, അത്യുന്നതനെ വിളിച്ചപേക്ഷിച്ച ജോഷ്വായ്ക്ക് കർത്താവ് കന്മഴ അയച്ച് ഉത്തരമരുളുന്നതും കാണാം. ''അങ്ങനെ ജനതകൾ അവന്റെ സേനാബലം കാണുകയും ദൈവസന്നിധിയിലാണ് അവൻ യുദ്ധം ചെയ്യുന്നതെന്ന് മനസിലാക്കുകയും ചെയ്തു. ശക്തനായവനെ അവൻ പൂർണമായി പിഞ്ചെന്നു'' (പ്രഭാ 46,6).



മോശയ്ക്കും അഹറോനുമെതിരെ ജനം പിറുപിറുത്തപ്പോൾ ജനത്തെ പാപത്തിന്റെ ദുഷ്ടതയിൽ നിന്ന് പിന്തിരിപ്പിക്കുകയും പിറുപിറുപ്പ് നിർത്തുകയും ചെയ്യുന്നതും അവന്റെ വിശ്വസ്തജീവിതത്തിന്റെ തെളിവത്രേ" (സംഖ്യ 14,1-10). പാപത്തിലേക്ക് ചാഞ്ഞിരിക്കുന്ന മനുഷ്യപ്രകൃതിയെ തിരുത്തുവാനും പരിപാലിച്ച് കൂടെ നടത്തുന്ന ദൈവത്തിലഭയം പ്രാപിക്കുവാനും ജോഷ്വാ ആഹ്വാനം ചെയ്യുന്നു. ദൈവത്തോട് ഒരിക്കൽപോലും മറുതലിക്കാത്ത, പരിഭവം പറയാത്ത നിർഭയനായി ജോഷ്വാ പുറപ്പാട് ചരിത്രത്തിൽ നിലകൊള്ളുന്നു എന്നത് ശ്രദ്ധേയമാണ്. ദൈവം കൂടെ ഉണ്ട് എന്ന ബോധ്യം എപ്പോഴും അവന് ഉണ്ടായിരുന്നു. പ്രബലരും ശക്തരുമായ ജനതകളെ നിർമാർജനം ചെയ്ത് ഇസ്രായേലിനു സ്വസ്ഥത നൽകിയ ദൈവത്തെപ്പറ്റി ജോഷ്വാ വിവരിക്കുന്നുണ്ട്. വൃദ്ധനായപ്പോൾ ഇസ്രായേലിന്റെ ശ്രേഷ്ഠന്മാരെയും തലവന്മാരെയും ന്യായാധിപന്മാരെയും സ്ഥാനികളെയും ജോഷ്വാ വിളിച്ചുകൂട്ടി, മാനുഷികമായ ശക്തിയും കഴിവുമല്ല ദൈവമാണ് തങ്ങൾക്കുവേണ്ടി യുദ്ധം ചെയ്തതെന്ന് അവരെ ബോദ്ധ്യപ്പെടുത്തികൊടുത്തു. ആയതിനാൽ ദൈവമായ കർത്താവിനെ സ്നേഹിക്കുന്നതിൽ ഉത്സുകരായിരിക്കണമെന്ന് ഉപദേശിക്കുന്നു (ജോഷ്വാ 23,10-11). ചുറ്റുമുള്ള ജനതകളിൽനിന്ന് പിടിച്ചെടുക്കപ്പെട്ട ദേശം ഇസ്രായേൽ ഗോത്രങ്ങൾക്ക് വിഭജിച്ചുകൊടുത്തശേഷം രണ്ട് ഉജ്ജ്വല പ്രസംഗങ്ങൾ നടത്തുന്നു. "കർത്താവിനെ ഭയപ്പെടുകയും ആത്മാർത്ഥതയോടെയും വിശ്വസ്തതയോടെയും അവിടുത്തെ സേവിക്കുകയും ചെയ്യുവിൻ" (ജോഷ്വാ 24,14). കഴിഞ്ഞകാലങ്ങളിൽ തങ്ങൾ അനുഭവിച്ച ദൈവത്തിന്റെ പരിപാലനയെ ജോഷ്വാ അവരുടെ മുമ്പിൽ തുറന്നുകാട്ടുകയും തന്റെ അനുഗ്രഹവും ആശംസയും നൽകുകയും ചെയ്തു. തങ്ങൾ അധ്വാനിക്കാത്ത ഭൂമിയും പണിയാത്ത പട്ടണങ്ങളും വസിക്കാൻ തന്ന ദൈവം; നട്ടുവളർത്താത്ത മുന്തിരിത്തോട്ടത്തിന്റെയും ഒലിവ് തോട്ടത്തിന്റെയും ഫലം അനുഭവിക്കാനും അനുവദിച്ച കർത്താവിനെ എന്നും അനുസ്മരിക്കണമെന്ന് ഓർമ്മപ്പെടുത്തുകയും ചെയ്തു. തന്റെ വത്സരങ്ങൾ പൂർത്തിയാക്കിയ ജോഷ്വാ 110-ാം വയസിൽ മരിച്ചു. അവനെ ഗാഷ് പർവ്വതത്തിന് വടക്ക് എഫ്രായിം മലമ്പ്രദേശത്തുള്ള തിംന്നാത്സേറായിൽ സംസ്കരിച്ചു.

**ചിന്തിക്കാൻ**

* *ദൈവാത്മാവ് കുടികൊള്ളുന്ന വ്യക്തിയാവുക*

* *പ്രാർത്ഥന അന്ധകാരശക്തിക്കു നേരെയുള്ള ആയുധമാണ്.*

* *നിരന്തരം ദൈവം കൂടെ ഉണ്ട് എന്ന ചിന്ത നിലനിർത്തുക*

* *മനുഷ്യബുദ്ധിക്കും ചിന്തക്കും അസാധ്യമായത് ദൈവത്തിന് സാധ്യമാണ്.*

* *ദൈവത്തെ ഭയപ്പെടുകയും ആത്മാർത്ഥതയോടും വിശ്വസ്തതയോടുംകൂടെ ജീവിക്കുകയും ചെയ്യുക.*

# സെനക്കിൾ തരംഗം

## സന്ദേശം

മിശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,

ആരാധനാവത്സരത്തിലെ ഉയിർപ്പുകാലത്തേക്ക് നാം പ്രവേശിക്കുകയാണല്ലോ. ഉത്ഥിതനായ മിശിഹായോടുള്ള ബന്ധമാണല്ലോ നമ്മുടെ ജീവിതത്തിനാധാരം. സെനക്കിളിൽ ഈശോ തന്റെ മേലങ്കിമാറ്റി (യോഹ 13,4) ശിഷ്യരുടെ പാദങ്ങൾ കഴുകിയതും വീണ്ടും മേലങ്കി ധരിച്ച് (യോഹ 13,12) അവരോടൊന്നിച്ച് അപ്പം മുറിച്ചതും അവിടുത്തെ മരണോത്ഥാനങ്ങളുടെ അടയാളങ്ങളായിരുന്നു. മിശിഹായുടെ ജീവിതംമുഴുവൻ സ്നേഹത്തിന്റെ 'മാക്സിമലിസം' വെളിപ്പെടുത്തുന്ന ഒരു ശുശ്രൂഷയായിരുന്നു എന്നാണ് അതു സൂചിപ്പിക്കുന്നത്. നമ്മുടെ പൗരോഹിത്യജീവിതവും ശുശ്രൂഷയും അതുപോലെ സ്നേഹത്തിന്റെ മാക്സിമലിസം വെളിപ്പെടുത്തുന്ന ഒന്നായിരിക്കണം എന്ന് അതു നമ്മെ ഓർമ്മിപ്പിക്കുകയാണ്. അപ്രകാരം സെനക്കിളിന്റെ ആദ്ധ്യാത്മികത പ്രതിഫലിപ്പിക്കുന്ന ഒരു പുരോഹിതജീവിതവും ശുശ്രൂഷയും സ്വന്തമാക്കുവാൻ നമുക്ക് ആത്മാർത്ഥമായി പരിശ്രമിക്കാം. ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങൾ എല്ലാവർക്കും ആശംസിക്കുന്നു.

**മല്പാൻ മാത്യു വെള്ളാനിക്കൽ**
**ജനറൽ മേജർ ഫാദർ**

## വാർത്തകൾ

ചങ്ങനാശ്ശേരി, കാഞ്ഞിരപ്പള്ളി, പാലാരൂപതകളിലുള്ള സൊദാലെസ് വൈദികർ 2021 ഫെബ്രുവരി 10, മാർച്ച് 10 എന്നീ തീയതികളിൽ അവരുടെ സെനക്കിൾ സമ്മേളനങ്ങൾ സ്പിരിച്ച്വാലിറ്റി സെന്ററിൽവച്ച് നടത്തുകയും കോൺസ്റ്റിറ്റ്യൂഷൻ പഠനവിഷയമാക്കുകയും ചെയ്തു. സൊദാലെസ് ആസ്പിരന്റ്സ് ഫെബ്രുവരി 11 നും മാർച്ച് 11 നും അവരുടെ സമ്മേളനങ്ങൾ നടത്തി കോൺസ്റ്റിറ്റ്യൂഷൻ പഠനവിഷയമാക്കി. താമരശ്ശേരി രൂപതയിലെ ആസ്പിരന്റ്സ് ഫെബ്രുവരി 18-ാം തീയതി ഓൺലൈനായി അവരുടെ സമ്മേളനം നടത്തി കോൺസ്റ്റിറ്റ്യൂഷൻ പഠനം നടത്തുകയുണ്ടായി. മല്പാൻ മാത്യു വെള്ളാനിക്കലച്ചൻ ക്ലാസ്സുകൾക്കു നേതൃത്വം നല്കി.

-സെനക്കിൾ വൈദികകൂട്ടായ്മയിൽ പങ്കുചേരുവാൻ താല്പര്യമുള്ളവർ, *സെനക്കിൾ തരംഗം, സ്പിരിച്ച്വാലിറ്റി സെന്റർ, മാങ്ങാനം പി.ഒ., കോട്ടയം-686 018* എന്ന വിലാസത്തിൽ ബന്ധപ്പെടുക.



# തിരിച്ചറിവ്

ജിസ കൂട്ടിയാനിക്കൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**അ**ന്ധനായ ഒരു മനുഷ്യൻ കടൽക്കരയിലെത്തി. വലിയ തിരമാലശബ്ദം കേട്ട് അയാൾ ആളുകളോടു ചോദിച്ചു: "എന്താണാ സ്വരം?". അവർ പറഞ്ഞു: "കടലിന്റേതാണ്". അന്ധൻ വിചാരിച്ചു, കടൽ ഒരു വലിയ സ്വരമാണ്. തിരമാലകൾ വന്ന് തന്റെ കാലിൽ സ്പർശിച്ചപ്പോൾ അയാൾ വീണ്ടും ചോദിച്ചു: "എവിടുന്നാണീ ജലം?" അവർ പറഞ്ഞു: "കടലിലേതാണ്". അന്ധൻ ചിന്തിച്ചു, അപ്പോൾ കടൽ എന്നാൽ ജലമാണ്. വലിയ കാറ്റ് ചീറിയടിച്ചപ്പോൾ അയാൾ ചോദിച്ചു: "എവിടുന്നാണീ കാറ്റ്?" അവർ പറഞ്ഞു: "കടലിൽനിന്നാണ്". അന്ധൻ വീണ്ടും ചിന്തിച്ചു, അപ്പോൾ കടൽ എന്നാൽ കാറ്റായിരിക്കാം. നാളുകൾക്കുശേഷം അയാൾ ഒരു ചികിത്സയ്ക്കു വിധേയനായി കാഴ്ചയുള്ളവനായി, ഒരിക്കൽക്കൂടി കടൽക്കരയിലെത്തി. കടൽ കണ്ട ആ മനുഷ്യൻ വികാരാധീനനായി. എത്ര മനോഹരമാണീ കടൽ? മനോഹരമായ ചക്രവാളവും, തീരത്തെ തൊട്ടുരുമി ആർത്തുല്ലസിക്കുന്ന തിരമാലകളും, കണ്ണെത്താ ദൂരത്തോളമുള്ള മണൽപ്പരപ്പും, അനന്തതയെ ലക്ഷ്യമാക്കി പറന്നുപോകുന്ന പക്ഷികളും... തന്റെ അറിവുകൾ എത്രയോ വികലമായിരുന്നു... തന്റെ അറിവുകൾ തിരിച്ചറിവുകൾ ആയതിനെ ഓർത്തു സന്തോഷിച്ച് അയാൾ നിർന്നിമേഷനായി നിന്നു.

ഉയിർപ്പുകാലം തിരിച്ചറിവിന്റെ കാലമാണ്. ഈശോയുടെ സഹനമരണോത്ഥാനങ്ങൾ തിരിച്ചറിവുകളാക്കി മാറ്റിയ കുറേ വ്യക്തിത്വങ്ങളെ നാം തിരുവചനത്തിൽ കണ്ടെത്തുന്നുണ്ട്. അവിടുത്തെ മരണം നേരിൽ കണ്ട ശതാധിപന്, "ഈ മനുഷ്യൻ യഥാർത്ഥത്തിൽ ദൈവപുത്രനായിരുന്നു" എന്ന തിരിച്ചറിവ്; വലത്തുവശത്തു തറയ്ക്കപ്പെട്ട കള്ളന് തന്നോടൊപ്പം ക്രൂശിതനായ

വൻ സ്വർഗ്ഗരാജ്യത്തിന്റെ ഉടമയാണെന്ന തിരിച്ചറിവ്; ക്രൂശിതനായവനെ കല്ലറയിൽ മരിച്ചവരുടെ ഇടയിൽ തിരഞ്ഞ സ്ത്രീകൾക്ക് അവൻ ഉത്ഥിതനും ജീവന്റെ ഉടയവനുമാണെന്ന തിരിച്ചറിവ്; എമ്മാവൂസിലേക്കു പോയ മ്ലാനവദനരും മൂടപ്പെട്ട കണ്ണുകൾ ഉള്ളവരുമായിരുന്ന ശിഷ്യർക്ക് അവൻ 'കൂടെ നടക്കുന്ന ഉത്ഥിതനാ'ണെന്ന തിരിച്ചറിവ്; തോട്ടക്കാരനാണെന്നു വിചാരിച്ച മഗ്ദനലേനയ്ക്ക് അവൻ അന്ധകാരമകറ്റുന്ന ഗുരുവാണെന്ന തിരിച്ചറിവ്; സംശയിച്ച തോമായ്ക്ക് അവൻ 'കർത്താവും ദൈവവു'മാണെന്ന തിരിച്ചറിവ്; വള്ളവും വലയുംതേടി തിരിച്ചുപോയ ശിഷ്യന്മാർക്ക് അവൻ 'പ്രാതലൊരുക്കി കാത്തിരിക്കുന്ന അമ്മസ്നേഹ'മാണെന്ന തിരിച്ചറിവ്; 'നീ എന്നെ സ്നേഹിക്കുന്നുവോ?' എന്ന നെഞ്ചുപിളർക്കുന്ന അവന്റെ ചോദ്യത്തിനു മുമ്പിൽ താൻ എത്ര നിസ്സാരനാണ് എന്ന് പത്രോസിനുണ്ടായ തിരിച്ചറിവ്.

ഈ ഉയിർപ്പുകാലം നമുക്കും തിരിച്ചറിവിന്റെ കാലമാകട്ടെ. എന്നെ ഞാനായിരിക്കുന്നതുപോലെ തിരിച്ചറിയാൻ, അരികിലിരിക്കുന്നവൻ തന്നോടു ചേർത്തു പിടിക്കേണ്ട എന്റെ സഹോദരനാണെന്ന് തിരിച്ചറിയാൻ, സഹനങ്ങൾക്കും കുരിശുകൾക്കുമപ്പുറം ഉത്ഥിതൻ നല്കുന്ന സമാധാനമുണ്ടെന്നു തിരിച്ചറിയാൻ, ഈ ലോകത്തിലെ എല്ലാ പരിമിതികളെയും അതിജീവിച്ചവൻ നമ്മെ ക്ഷണിക്കുകയാണ്.

തിരിച്ചറിവുകൾ ലഭിക്കാത്തതിനു കാരണം നമ്മുടെ അന്ധതതന്നെയാണ്. കണ്ണുകൾ തുറന്നിരുന്നാലും, കാര്യങ്ങൾ അവയായിരിക്കുന്ന അവസ്ഥയിൽ കാണാൻ സാധിക്കാത്ത ഹൃദയവിശാലത ഇല്ലായ്മയാണ് ഇവിടെ വിവക്ഷ. അറിവുകൾ തിരിച്ചറിവുകളാകുന്നത് നമ്മുടെ ആത്മീയനയനങ്ങൾക്ക് പ്രകാശം ലഭിക്കുമ്പോഴാണ്. ഈ പ്രകാശമാകട്ടെ ഉത്ഥിതനായ മിശിഹാതന്നെയാണ്. അറിവുകൾ തിരിച്ചറിവുകളാകാൻ അവിടുന്ന് നമ്മെ സഹായിക്കട്ടെ.



*"ദൈവകരങ്ങളിൽ സ്വയം കൈയാളിക്കുന്ന വ്യക്തി ദൈവത്തിന്റെ കളിപ്പാവയാകുന്നില്ല. മുഷിപ്പുണ്ടാക്കുന്ന അസ്വതന്ത്രനാകുന്നില്ല. അവനു സ്വാതന്ത്ര്യം നഷ്ടപ്പെടുന്നില്ല. ദൈവത്തിനു പൂർണ്ണമായി സ്വയം സമർപ്പിക്കുന്ന മനുഷ്യൻമാത്രമേ യഥാർത്ഥസ്വാതന്ത്ര്യം കണ്ടെത്തുന്നുള്ളൂ. നന്മയുടെ സ്വാതന്ത്ര്യത്തിന്റെ മഹത്തായ, സർഗ്ഗാത്മകമായ, അപരിമേയത്വം കണ്ടെത്തുന്നുള്ളൂ. ദൈവത്തിലേക്കു തിരിയുന്ന മനുഷ്യൻ ചെറുതാവുകയല്ല കൂടുതൽ വലുതാകുകയാണ്. എന്തെന്നാൽ ദൈവത്തിലൂടെയും ദൈവത്തോടുകൂടെയും അയാൾ മഹനീയനാകുന്നു. അവൻ ദൈവികമനുഷ്യനാകുന്നു, അയാൾ യഥാർത്ഥത്തിൽ അയാൾതന്നെയായിത്തീരുന്നു"*

**ബെനഡിക്റ്റ് പതിനാറാമൻ മാർപാപ്പാ**




# ഉത്ഥാനത്തിലേക്കുള്ള വഴി

**മെർലിറ്റ് അഞ്ചാനിക്കൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**എ**ല്ലും തോലുമായി ഉമ്മറത്തിരിക്കുന്ന വല്യപ്പച്ചനുമായി സംസാരിക്കുന്നതിനിടയിൽ വിതുമ്പലോടെ, വിറയാർന്ന സ്വരത്തിൽ ആ വൃദ്ധൻ പറഞ്ഞു: "അവർക്കിതൊന്നും ഇഷ്ടമില്ല; ഞങ്ങൾ ഭാരമാണത്രേ". മാതാപിതാക്കളെ സംരക്ഷിക്കാൻ ഇഷ്ടപ്പെടാത്ത മക്കളും മരുമക്കളും; പങ്കാളിയോടും മക്കളോടുമുള്ള കടമകൾ സൗകര്യപൂർവ്വം മറന്ന് സ്വന്തം ഇഷ്ടമനുസരിച്ചു ജീവിക്കുന്ന മാതാപിതാക്കൾ; ഇങ്ങനെ പോകുന്നു സ്വന്തബന്ധങ്ങളുടെ നേർക്കാഴ്ചകൾ.

സഹനങ്ങളെ ഒഴിവാക്കാനാണ് എല്ലാവരും ആഗ്രഹിക്കുന്നത്. സഹനങ്ങളെ അഭിമുഖീകരിക്കുന്ന ജീവിതത്തെ ഒന്നു വിഭാവനം ചെയ്തുനോക്കുക... എത്ര വിരസമായിരിക്കുമത്! ഒരു വ്യക്തിയുടെ ജനനം മുതൽ മരണംവരെ അയാൾ അവശ്യം നടന്നുനീങ്ങേണ്ട വഴി കുരിശിന്റേതാണ്, സഹനത്തിന്റേതാണ്. അദ്ധ്വാനത്തിന്റെ ഭാരവും ജീവിതം ഒരു കരയ്ക്കെത്തിക്കുവാൻ തന്നോടുതന്നെ ചെയ്യുന്ന സമരവുമെല്ലാം നമ്മെ ഓർമ്മിപ്പിക്കുന്നത് അതാണ്. മക്കളെ വളർത്തുന്നതും മാതാപിതാക്കളെയും രോഗികളെയും ശുശ്രൂഷിക്കുന്നതും അന്നന്ന അപ്പത്തിനായി കഷ്ടപ്പെടുന്നതുമെല്ലാം സഹനത്തിന്റെ മറുരൂപങ്ങളാണ്. അങ്ങനെ വരുമ്പോൾ സഹനത്തെ മാറ്റിനിർത്താൻ നമുക്കാവില്ല എന്നു വ്യക്തം.

സഹനങ്ങൾ നമ്മെ പക്വമതികളാക്കും എന്ന കാര്യത്തിൽ സംശയം വേണ്ട. വി. പൗലോസ് പറയുന്നതു ശ്രദ്ധിക്കുക: "എന്തെന്നാൽ കഷ്ടത സഹനശീലവും, സഹനശീലം ആത്മധൈര്യ



“വിശുദ്ധിയുടെ വഴി
കുരിശിന്റെ വഴിയാണ്”




വും, ആത്മധൈര്യം പ്രത്യാശയും ഉളവാക്കുന്നു എന്നു നാം അറിയുന്നു” (റോമാ 5,4). ജീവിതത്തിൽ നാം നേരിടുന്ന ഓരോ അനുഭവവും നമുക്കു മുമ്പിൽ വലിയ പാഠമാകാറുണ്ട്. കുലംകുത്തിയൊഴുകിവരുന്ന പ്രതിസന്ധികളുടെ മദ്ധ്യേ തളർന്നുവീണുപോകുന്നവരും, അവയ്ക്കിടയിൽനിന്ന് ഫീനിക്സ് പക്ഷിയെപ്പോലെ ലക്ഷ്യത്തിലേക്കു പറന്നുയരുന്നവരുമുണ്ട്. ജീവിതാനുഭവങ്ങളെ ദൈവാനുഭവങ്ങളാക്കി മാറ്റുവാൻ നമുക്കു കഴിയണം. അതിൽ പരാജയപ്പെടുന്നതുകൊണ്ടാണ് സഹനങ്ങൾ സഹിക്കാൻ പറ്റാത്ത ഭാരമായി, കുരിശായി നമ്മുടെ മുമ്പിൽ നില്ക്കുന്നത്.

‘മണ്ണിൽ വീണു മരിക്കുകയും അതുവഴി ധാരാളം ഫലം പുറപ്പെടുവിക്കുകയും ചെയ്യുന്ന ധാന്യമണിയുടെ പാത’ (യോഹ 12,24) പിന്തുടരുന്നവനാണ് ഓരോ ക്രിസ്ത്യാനിയും. വിത്ത് മണ്ണിൽവീണ് അഴിഞ്ഞെങ്കിലേ അതു ചെടിയായി, വൃക്ഷമായിത്തീരുകയുള്ളൂ. ഫലം നല്കുന്ന വൃക്ഷത്തിനു പിന്നിൽ സഹനത്തിന്റെ ഒരു ചരിത്രമുണ്ടെന്ന് നാമാരെങ്കിലും ഓർക്കാറുണ്ടോ?

ദൈവികപദ്ധതിയുടെ മണ്ണിൽ സ്വയം അഴിഞ്ഞ് ഇല്ലാതായി മറ്റുള്ളവർക്ക് സ്നേഹവും സന്തോഷവും പ്രദാനം ചെയ്യുവാൻ സാധിക്കുമ്പോഴാണ് ജീവിതത്തിന് അർത്ഥപൂർണ്ണത കൈവരിക. സ്വയം സ്നേഹിക്കുന്നതിൽ, ജീവിതം നമുക്കായിത്തന്നെ വ്യയം ചെയ്യുന്നതിൽ എന്തു മേന്മയാണുള്ളത്? പുഴകൾ അവയ്ക്കുവേണ്ടിത്തന്നെ ഒഴുകാറില്ല. അതിന്റെ പ്രയാണവഴികളിൽ വൃക്ഷലതാദികൾക്ക് ജീവൻ നല്കിയാണ് അത് കടന്നുപോകുന്നത്. അങ്ങനെതന്നെ ഈ പ്രപഞ്ചത്തിനു മുഴുവൻ പരസ്പരദാനത്തിന്റെ സന്ദേശമാണ് നമുക്കു നല്കാനുള്ളത്.

ആത്മദാനത്തിന്റെ ഏറ്റവും ഉദാത്തമായ മാതൃക നമ്മുടെ കർത്താവീശോമിശിഹായിലാണ് നമുക്കു ദർശിക്കാനാവുക. ലോകത്തിന്റെ രക്ഷയ്ക്കായി, ദൈവമായിരുന്നിട്ടും അവിടുന്നു സ്വയം വെറുമയാക്കി കുരിശുമരണത്തോളം പിതാവിന്റെ ഹിതത്തിനുമുമ്പിൽ അനുസരണമുള്ളവനായി. “ദൈവം നമുക്കായി ഒരുക്കിയ ജീവിതാവസ്ഥകളിൽ, ചോര പൊടിയുന്ന അനുഭവങ്ങൾ ഹൃദയത്തിലേറ്റു വാങ്ങേണ്ടിവന്നാലും, എതിർപ്പുകൂടാതെ സ്നേഹത്തിന്റെ യാഗമായിത്തീരാൻ നമുക്കു കഴിയണം” എന്ന ദൈവദാസൻ ബിഷപ് വില്യം ജക്വീന്തായുടെ വാക്കുകൾ ക്രിസ്തുശിഷ്യന്റെ അവകാശമാണ് കുരിശ് എന്ന ദർശനത്തിലേക്കു വിരൽചൂണ്ടുന്നു.

സ്വയം ത്യജിച്ച് ഈശോയെ അനുഗമിച്ചാൽ ഫലം അവന്റെ മഹത്വത്തിലുള്ള പങ്കാളിത്തമാണ് എന്നതു മറക്കാതിരിക്കാം. സഹനങ്ങൾ അതിൽത്തന്നെ ഒരന്ത്യമല്ല; മറിച്ച് നിത്യജീവനിലേക്കു നയിക്കുന്ന, ഉത്ഥാനത്തിലേക്കുള്ള അച്ചാരമാണ്. ‘മിശിഹായോടുകൂടെ മരിച്ചുവെങ്കിൽ അവനോടുകൂടി ജീവിക്കും’ (റോമാ 6,8) എന്ന പ്രത്യാശ നമുക്ക് ആത്മധൈര്യം നല്കട്ടെ. ഉത്ഥിതനായ ഈശോ നമ്മെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.



# കാഴ്ച തെളിയേണ്ട ഉയിർപ്പ്

റവ. ഫാ. ആൽബിൻ പാറയിൽ **O. Carm**

**ഈ** കാഴ്ചയുണ്ടല്ലോ അത് ഒരു വലിയ സംഭവമാണ്. കണ്ണില്ലാത്തവനാണ് കണ്ണില്ലാത്തതിന്റെ വേദന അറിയുന്നത് എന്ന് പറഞ്ഞുകേട്ടിട്ടുണ്ട്. അതിനോടു ചേർത്താണീ പറച്ചിൽ. കാണാൻ കഴിയാത്തവിധം കണ്ണുകളും ഗ്രഹിക്കാനാവാത്തവിധം മനസ്സുകളും അടയ്ക്കപ്പെട്ടവർ... ഞാനും നിങ്ങളും ഉൾപ്പെടുന്ന ഒരു വലിയ സമൂഹം. നോമ്പുകാലമൊക്കെ കഴിഞ്ഞ് ഉയിർപ്പിന്റെ നല്ലൊരു നാളിലെത്തിയിരിക്കുയാണ് നമ്മൾ എല്ലാവരും. സൂക്ഷിച്ച് ഒന്നൂടെ നോക്കിയാൽ പുറമെ കാണിച്ചതൊക്കെ വെറും കാട്ടിക്കൂട്ടലുകളായിരുന്നില്ലേ എന്നൊരു തോന്നൽ. മനസ്സിലായില്ല അല്ലേ... ഉയിർപ്പിനുശേഷം ഒന്നമർത്തി ചിന്തിച്ചാൽ, ഒന്നൂടെ ഒന്നിരുത്തി ചിന്തിച്ചാൽ എത്രമാത്രം കാട്ടിക്കൂട്ടലുകളിലൂടെയാണ് നാം കടന്നുപോയത് എന്ന് മനസ്സിലാകും. അതെ, വെറുതെ ഒരു ഉത്ഥാനാനന്തര വിചിന്തനം.

മിശിഹായോടൊപ്പം നടക്കുന്നവനാണ് എന്നാണു വെപ്പ്. അവന്റെ മനസ്സിൽ ഇടം നേടിയവൻ. തന്നെയുമല്ല ചെല്ലുമ്പോഴും കാണുമ്പോഴും ആ നടയ്ക്കൽ മുട്ടുകുത്തി ഒരായിരം തവണ പറഞ്ഞിട്ടുണ്ട് അവന്റേതാണ് ഈ ജീവിതമെന്ന്. എന്നിട്ടും ജീവിതമെന്താണിങ്ങനെ കാട്ടിക്കൂട്ടലുകളുടെ വേദിയായത്... മൂന്നു വർഷം കൂടെ നടന്ന് അവനെ അറിഞ്ഞവർക്കുപോലും സാധി

ച്ചില്ല ഒപ്പമാകാൻ. എന്നിട്ടാണോ എനിക്ക്... ചോദ്യം ഉയരുന്നുണ്ട്. മിശിഹായുടെ വഴിയാത്ര യിൽ സഹനമരണത്തെക്കുറിച്ചു വിശദീകരിക്കുമ്പോൾ ഒരാൾ അങ്ങനെ സംഭവിക്കാതിരിക്കട്ടെ എന്നു പറയുമ്പോൾ, ചങ്കോടു ചേർത്തു നിർത്തിയവർ ചോദിക്കുന്നത് ഇടത്തും വലത്തും ഉള്ള സ്ഥാനമാണ്. വഴിയരികിലെ അന്ധയാചകൻ ബർതിമേയൂസ് ചോദിക്കുന്നത് കാഴ്ചയാണ്. ഇവരോടൊക്കെ ഈശോ ചോദിക്കുന്നത് ഞാൻ എന്തു ചെയ്തുതരണമെന്നാണ് നിങ്ങൾ ആഗ്രഹിക്കുന്നത് എന്നാണ്. ശിഷ്യർ ചോദിച്ചതു ലഭിച്ചില്ല. അന്ധൻ ചോദിച്ചതു ലഭിച്ചു. ഇതിനെ വെറുതെ നമ്മളിലേയ്ക്കൊന്നു പതിപ്പിച്ചു നോക്കുക. ശിഷ്യന്റെ കാഴ്ചയാണോ അന്ധന്റെ അന്ധതയാണോ പ്രശ്നം? ഇവരിലാർക്കാണ് അന്ധത? അതുതന്നെയാണ് ഞാൻ പറഞ്ഞത് കാട്ടിക്കൂട്ടലുകളിലൂടെ അവന്റെ നെഞ്ചിലിടം നേടിയെന്ന് ഉത്ഥാനപ്പിറ്റേന്നിരുന്ന് വീമ്പുപറയുന്ന അന്ധരായ ശിഷ്യരാണ് നാം.

തൊട്ടപ്പുറത്ത് അന്ധതയുടെ ആവരണം മാറ്റി പ്രകാശശോഭയിൽ അവനെ അനുഗമിക്കുന്ന ബർതിമേയൂസിനെ കാണാം... സഹനമരണങ്ങളെക്കുറിച്ച് അവൻ നെഞ്ചുപൊട്ടി പറഞ്ഞപ്പോഴും എന്റെയും നിന്റെയും ഉള്ളിൽ ഉയിർപ്പിന്റെ മഹത്ത്വമല്ലേ നിറഞ്ഞുനിന്നത്...? അവൻ തെളിമയോടെ എത്തുമ്പോൾ ലഭിക്കുന്ന സുഖങ്ങളല്ലേ ഇടംപിടിച്ചത്...?

ഉത്ഥാനമെപ്പോഴാണ് എന്റെ കണ്ണു തുറക്കുന്ന, കണ്ണിലെഴുതുന്ന അഞ്ജനമാകുന്നത്... അത് ഉത്ഥിതൻ എന്നിലിടപെടുമ്പോൾ മാത്രം. മഗ്ദലേനാക്കാരി മറിയത്തെ നമുക്കു കാണാം. ആഴ്ചയുടെ ഒന്നാം ദിവസം അതിരാവിലെ അവന്റെ കല്ലറയിലെത്തുന്നവൾ. അത്രമേൽ സ്നേഹിക്കുന്നവനെ ഒരു രാത്രി മുഴുവൻപോലും പിരിഞ്ഞിരിക്കാനാവാത്തവൾ, അവിടെ അവനെ കണ്ടെത്തുന്നില്ല. ആരോ കൊണ്ടുപോയി! അവൾ ശിഷ്യരുടെ അടുക്കൽപോയി പറയുന്നു. അവരും വന്നു കണ്ട് മടങ്ങിപ്പോയി. പക്ഷേ അവൾ പോയില്ല. ഉള്ളു പൊള്ളയായ കരിങ്കൽഗുഹയ്ക്കു മുന്നിലെ തോട്ടത്തിലവൾ അവനായി കാത്തിരുന്നു. അവന്റെ പിന്നാലെ എല്ലാം ഉപേക്ഷിച്ചിറങ്ങിയ അവളെവിടെ പോകാനാണ്... ആ സ്നേഹത്തിനുമുമ്പിൽ തെളിയാതെ തമ്പുരാനു വേറെ വഴിയില്ല. കസാൻദ് സാക്കീസ് പറയുന്നു അവളുടെ കണ്ണീരാണ് അവനെ ഉയിർപ്പിച്ചതെന്ന്. അത്രയൊന്നുമില്ലെങ്കിലും ഹൃദയപൂർവ്വമുള്ള നിലവിളികൾക്ക് കാതോർക്കാതിരിക്കാൻ തമ്പുരാനാവില്ല. അപ്പോഴും അവൾ തിരിച്ചറിയുന്നില്ല. 'മറിയം' എന്ന വിളിയിൽ ആ കണ്ണു തുറക്കപ്പെട്ടു. 'റബോനീ'... ആ വിളിക്ക് അവളുടെ കാഴ്ച തെളിഞ്ഞു. അത് ഗുരുവാണ്. ഉത്ഥിതനായ തമ്പുരാനെ ആദ്യം കണ്ടതും അനുഭവിച്ചതും അവളാണ്.

അനുഭവത്തിന്റെ ആഴത്തിലാവണം തമ്പുരാനെ കണ്ടെത്തേണ്ടത്. ശിഷ്യനാണ്, ചങ്കാണ്, ഒപ്പമാണ് എന്നൊക്കെ അഹങ്കരിക്കുമ്പോഴും അതിന്റെ മേന്മയിൽ നടക്കുമ്പോഴും തിരിച്ചറിയുക, ആഗ്രഹത്തോടെ നോക്കുമ്പോഴാണ് തമ്പുരാനെ കാണാനാവുക. ഉത്ഥാനാനന്തരം മറിയം വിളിച്ചുപറയുന്ന ഒന്നുണ്ട്: "ഞാൻ കർത്താവിനെ കണ്ടു". നമുക്കും അതിനാവണം. ഇതുവരെയെടുത്ത നോമ്പുകളും പ്രാർത്ഥനകളും ഇടത്തും വലത്തും ഉള്ള കസേരകളെ നോക്കിയായിരുന്നെങ്കിൽ അത് ഒന്ന് മാറ്റിപ്പിടിക്കാം. ആത്മീയ അന്ധത മാറ്റാം. അവന്റെ സഹനമരണങ്ങളെ നമ്മോടു ചേർത്തുവച്ച് അവനായി ഉയിർക്കാം. കാട്ടിക്കൂട്ടലുകളുടെ അന്ധതയിലെ ഉയിർപ്പിനായി കാത്തിരിക്കാതെ അവന്റെ കാഴ്ചയുടെ നിറവിലേക്ക് ഉണരാനാവട്ടെ. ആ കാഴ്ചയ്ക്കു വേണ്ടി, ബർതിമേയൂസിനെപ്പോലെ, മറിയത്തെപ്പോലെ തെളിമയുള്ള കാഴ്ചയ്ക്കുവേണ്ടി ആഗ്രഹിച്ചു കാത്തിരിക്കാം. ഞാൻ കർത്താവിനെ കണ്ടു എന്നു പറയാനുള്ള ശിഷ്യന്റെ ആത്മബലം നേടിയെടുക്കാനുള്ള കാഴ്ചയ്ക്കായി പ്രാർത്ഥിക്കാം. അത് മറ്റൊന്നിനും തകർത്തെറിയാനാവാത്ത ഒരു ഉയിർപ്പിന്റെ അനുഭവത്തിലേക്ക്, ദർശനതലത്തിലേക്ക് നമ്മെ നയിക്കും. അതാണ് ശിഷ്യനുവേണ്ടത്. കാഴ്ച തെളിയാൻ കണ്ണിലെഴുതാൻ ഉത്ഥിതനോട് അഞ്ജനം ചോദിക്കാം.

# നിരന്തര സാന്നിദ്ധ്യം

ജിനു നിരപ്പേൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**ആ** ദിനങ്ങളിലാണ് ദൈവത്തെക്കുറിച്ചുള്ള ചിന്ത അവന്റെയുള്ളിൽ ഉണ്ടായിത്തുടങ്ങിയത്. പരസഹായംകൂടാതെ ഒന്നും ചെയ്യാൻ കഴിയാതെ, മറ്റുള്ളവരുടെ സഹായം സ്വീകരിച്ചു കഴിയേണ്ടിവന്നപ്പോഴാണ് ദൈവിക ഇടപെടലുകളെക്കുറിച്ച് അവൻ ചിന്തിച്ചത്. ജീവിതചരിത്രത്തിൽ സംഭവിച്ചതെല്ലാം അവന്റെ മനോമുകുരത്തിൽ തെളിഞ്ഞുകൊണ്ടിരുന്നു. ഇത്രയുമൊക്കെയായിട്ടും ദൈവം എനിക്കു ജീവൻ തിരിച്ചുതന്നല്ലോ എന്ന ചിന്ത അവന്റെ നെഞ്ചിനെ കുത്തിക്കീറിക്കൊണ്ടിരുന്നു.

നമ്മിൽ പലരുടെയും ജീവിതങ്ങൾ ചിലപ്പോൾ ഇങ്ങനെയാണ്. എനിക്കെല്ലാം ഉണ്ട്, ആരുടെയും സഹായം വേണ്ട എന്ന അഹങ്കാരമാവാം നമ്മെ ഭരിക്കുന്നത്. എല്ലാം കൈയിലുള്ളപ്പോൾ മറ്റുള്ളവരോട് 'തരാമോ' എന്നു ചോദിക്കേണ്ടിവരാതെ, ആരെയും ഒന്നിനും ആശ്രയിക്കേണ്ടിവരാതെ, പകരം എപ്പോഴും ഏതിനും മറ്റുള്ളവരെ കുറ്റപ്പെടുത്തി, അവരെക്കുറിച്ച് പരാതിപ്പെട്ട്, ആരെയും മനസ്സിലാക്കാതെ ജീവിതം മുന്നോട്ടുപോകുന്നു. എല്ലാം കാണുന്ന ദൈവത്തെക്കുറിച്ചുള്ള ചിന്ത പോലും വെടിഞ്ഞ് ദിനചര്യപോലെ സകല ഭക്താഭ്യാസങ്ങളിലുമേർപ്പെടുകയും ചെയ്യുന്നു. നമ്മെ ഇത്രയുമധികം സ്നേഹിച്ച്, കൈവെള്ളയിൽ കൊണ്ടുനടക്കുന്ന ദൈവത്തെ തിരിച്ചറിയാൻ, നമ്മിലേക്ക്, നമ്മുടെ ജീവിതത്തിലേക്ക് കടന്നുവരുന്ന ഈശോയെ ജ്വലിക്കുന്ന ഹൃദയത്തോടെ സ്വീകരിക്കാൻ നമുക്കു കഴിയുന്നുണ്ടോ?

ഏറ്റവും ഉന്നതനായ ദൈവമാണ് ഏറ്റവും നിസ്സാരമായ മനുഷ്യനായി ഭൂമിയിൽ പിറന്നത്. വലിയവർക്കേ ചെറുതാകാൻ കഴിയൂ. നീ എത്ര മാത്രം ഉന്നതനാണോ അത്ര മാത്രം വിനീതനാകുക എന്ന തിരുവചനം നമുക്കോർക്കാം.



അപ്പോൾ സ്വന്തം മഹത്ത്വം ഉയർത്തിക്കാട്ടി നടക്കുന്നവരാകാതെ, മറ്റുള്ളവർക്കു ചെയ്യാൻ സാധിക്കാതെവരുന്നിടത്തൊക്കെ എളിമയോടെ കടന്നുചെന്ന് സഹായമേകി, അവരെ ഉയർത്തിക്കൊണ്ടുവരുവാൻ നമുക്കു സാധിക്കില്ലേ...?

മറ്റു ചിലരാകട്ടെ, എമ്മാവൂസിലേക്കു പോയ ശിഷ്യരെപ്പോലെ മ്ലാനവദനരും ഏറ്റെടുക്കേണ്ടിവരുന്ന കുരിശുകളെപ്രതി അസ്വസ്ഥരുമാണ്. തങ്ങളുടെ ജീവിതയാത്രയിലുടനീളം അപ്രതീക്ഷിതമായതെന്തോ സംഭവിച്ചതുപോലെ, തങ്ങളുടെ ദുഃഖദുരിതങ്ങളോർത്ത്, വേദനയോടെ സംസാരിക്കുന്നവരും അവയിൽ ജീവിക്കുന്നവരുമാണ്. പീഡകൾ സഹിച്ച് കുരിശിൽ മരിച്ച് ഉയിർത്തെഴുന്നേറ്റ ഈശോ നമുക്കു നല്കുന്നത് ഉത്ഥാനത്തിന്റെ സന്തോഷവും സമാധാനവുമാണ്. ഈ സന്തോഷവും സമാധാനവും അനുഭവിക്കുവാൻ നമുക്കു സാധിക്കണം. ഇവ പറയുക എളുപ്പമാണ്, ജീവിതത്തിൽ പ്രായോഗികമാക്കുക ബുദ്ധിമുട്ടും എന്ന ചിന്തയാവാം നമ്മെ ഭരിക്കുന്നത്. എന്നാൽ നമ്മുടെ സഹനപാതകളിൽ 'എമ്മാനുവേൽ' ആയി കൂടെ നടക്കുന്ന ഉത്ഥിതന്റെ സാന്നിദ്ധ്യത്തെ തിരിച്ചറിയാൻ തക്കവിധം നമ്മുടെ കണ്ണുകൾ തുറക്കുകയും എല്ലാം ദൈവികപദ്ധതിയാണെന്ന തിരിച്ചറിവോടെ ജീവിക്കുകയും ചെയ്യുമ്പോൾ അവന്റെ സമാധാനം നമ്മിലേക്കും കടന്നുവരും. സഹനത്തിനു മദ്ധ്യേ സന്തുഷ്ടരായി ജീവിക്കാനുള്ള കൃപ അവൻ തരും.

എന്റെ പ്രവൃത്തികൾ കാണുന്ന, എന്നെ പൂർണ്ണമായി മനസ്സിലാക്കുന്ന ഒരാൾ എന്റെകൂടെയുണ്ട് എന്ന ചിന്തതന്നെ ജീവിതത്തിന് ഒരു ഉണർവ്വുതരില്ലേ...

ജീവിതത്തിന്റെ ഏതു നിമിഷവും, അത് സന്തോഷത്തിന്റെയോ സന്താപത്തിന്റെയോ സഹനത്തിന്റെയോ ആകട്ടെ, അവിടെ നമ്മുടെ ഉത്ഥിതനായ ഈശോയുടെ സാന്നിദ്ധ്യമുണ്ടെന്ന് നമുക്കു തിരിച്ചറിയാം. കൂദാശകളിലൂടെ കടന്നുവരുന്ന നല്ല തമ്പുരാനെ ജ്വലിക്കുന്ന ഹൃദയത്തോടെ സ്വീകരിക്കാം. അങ്ങനെ ദൈവേഷ്ടപ്രകാരം നമ്മുടെ ജീവിതത്തെ ക്രമപ്പെടുത്താം.

"കൃപാപൂർണ്ണനായ ദൈവമേ, ലോകത്തിന്റെ പാപങ്ങൾ നിഹനിക്കുവാൻ ഭൂമിയിലവതരിച്ച ദിവ്യകുഞ്ഞാടിനെ അനുകരിച്ച് നിന്റെ തിരുവിഷ്ടം നിറവേറ്റുവാനും സ്വർഗ്ഗത്തിൽ വിജയകിരീടം ചൂടുവാനും ബലഹീനരായ ഞങ്ങളെ ശക്തരാക്കണമേ".
(ഉയിർപ്പുകാലം, ചൊവ്വ-റംശ)

***"നാം സാധാരണഗതിയിൽ സ്നേഹിക്കുമ്പോൾപോലും ആ സ്നേഹാവസ്ഥ എന്നേക്കും നിലനില്ക്കണമെന്ന് ആഗ്രഹിക്കുന്നു. "ദൈവം സ്നേഹമാകുന്നു" എന്ന് വി. യോഹന്നാന്റെ ഒന്നാം ലേഖനത്തിൽ പറയുന്നു (1 യോഹ 4,16). "സ്നേഹം ഒരിക്കലും അവസാനിക്കുന്നില്ല" എന്ന് വി. പൗലോസ് കോറിന്തോസുകാർക്കുള്ള ഒന്നാം ലേഖനത്തിൽ പറയുന്നു (1 കോറി 13,8). ദൈവം നിത്യനാണ്. കാരണം, അവിടുന്ന് സ്നേഹമാണ്. സ്നേഹം ശാശ്വതമാണ്. കാരണം, അത് ദൈവികമാണ്. നാം സ്നേഹത്തിലാണെങ്കിൽ നാം ദൈവത്തിന്റെ അവസാനമില്ലാത്ത സാന്നിദ്ധ്യത്തിലേക്കു പ്രവേശിക്കും."***

**(YOUCAT 156)**

# എന്നും ജീവിക്കാൻ

**ജ്യോതി കരിയിലക്കുളം**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

"ഈ ജീവിതത്തിനുവേണ്ടി മാത്രം മിശിഹായിൽ പ്രത്യാശ വച്ചിട്ടുള്ളവരാണെങ്കിൽ നമ്മൾ എല്ലാ മനുഷ്യരെയുംകാൾ നിർഭാഗ്യരാണ്" (1 കൊറി 15,19).

എന്തിനാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചത് എന്ന ചോദ്യത്തിന് ദൈവത്തെ അറിഞ്ഞ്, സ്നേഹിച്ച്, സ്വർഗ്ഗത്തിലെത്തിച്ചേരാനാണ് എന്ന ഉത്തരം ചെറുപ്പത്തിൽ സൺഡേ സ്കൂളിൽ പഠിച്ചതോർക്കുന്നു. വി. ആഗസ്തീനോസ് പറയുന്നു: "ദൈവമേ, നീ എന്നെ നിനക്കായി സൃഷ്ടിച്ചു; നിന്നിലെത്തിച്ചേരുംവരെ എന്റെ ആത്മാവ് അസ്വസ്ഥമായിരിക്കും". അതെ, മനുഷ്യന്റെ ഉള്ളിൽ അവന്റെ സൃഷ്ടിയിൽത്തന്നെ ദൈവമൊരു ശൂന്യത രൂപപ്പെടുത്തിയിരിക്കുന്നു. ഈ ലോകത്തിലെ ഒന്നിനെക്കൊണ്ടും, ആരെക്കൊണ്ടും നികത്താനാവാത്ത ഒരു ശൂന്യത. അത് നികത്തുവാൻ, നിറയ്ക്കുവാൻ ദൈവത്തിനു മാത്രമേ സാധിക്കൂ.

മനുഷ്യൻ തന്റെ ഉള്ളിലെ ശൂന്യത ഇല്ലാതാക്കാനായി നെട്ടോടമോടുന്നുണ്ട്. എന്നാൽ ഈ ലോകം തരുന്ന സുഖവും സന്തോഷവും സമ്പത്തും നേട്ടങ്ങളും പദവികളും സ്ഥാനമാനങ്ങളുംകൊണ്ടാണെന്നു മാത്രം. അവ നല്കുന്ന സന്തോഷം നീണ്ടുനില്ക്കുകയില്ല. ഈലോകത്തിലുള്ളതെല്ലാം നശ്വരമാണെന്ന് അനുഭവങ്ങൾ നമ്മെ പഠിപ്പിക്കുന്നുണ്ട്.

വലിയവരോ ചെറിയവരോ  പണക്കാരനോ പാവപ്പെട്ടവനോ, എന്തായാലും നാമെത്ര നിസ്സാരരാണെന്ന് കോവിഡ് 19 നമ്മെ പഠിപ്പിച്ചു. ഒരു അന്ത്യചുംബനം കൊടുക്കാതെ, ദൂരെ നിന്ന് ഒരു നോക്ക് മറ്റുള്ളവർക്ക് കാണുവാൻ സാധിക്കാതെ, ശരിയായ രീതിയിൽ സംസ്കാരം പോലും നടത്താനാവാതെ എത്രയോ ജന്മങ്ങൾ മറയപ്പെട്ടു! ഈ ജീവിതം നിസ്സാരമാണ്; ക്ഷണികമാണ്. വയലിലെ പുല്ലുപോലെ കരിഞ്ഞുണങ്ങുന്ന ജീവിതം...!

സ്വർഗ്ഗത്തിൽ സമ്പാദ്യം നേടാൻ പരിശ്രമിക്കാം. "ഭൂമിയിൽ നിങ്ങൾ നിക്ഷേപങ്ങൾ കരുതിവയ്ക്കരുത്. തുരുമ്പും കീടങ്ങളും അവ നശിപ്പിക്കും". അതെങ്ങനെ? "ഈ ചെറിയവരിൽ ഒരുവന് 'എന്റെ നാമത്തിൽ' ഒരു പാത്രം പച്ചവെള്ളം കൊടുക്കുന്നവന് പ്രതിഫലം ലഭിക്കും".

"മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട് സ്വർഗ്ഗസ്ഥനായ പിതാവിനെ മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ".

ദൈവത്തെ മഹത്ത്വപ്പെടുത്തുന്ന ജീവിതം ഒരോ നിമിഷവും നയിച്ച് സ്വർഗ്ഗത്തിൽ നമുക്ക് നിക്ഷേപം കൂട്ടിവയ്ക്കാം. അങ്ങനെ നശ്വരമായ ഭൗതിക നേട്ടങ്ങൾക്കായി ജീവിക്കുന്നവരും അതു നേടിയെടുക്കുവാൻ പ്രാർത്ഥിക്കുന്നവരുമാകാതെ അനശ്വരമായ സമ്പാദ്യങ്ങൾ തേടുന്നവരും അതു നേടാൻ പരിശ്രമിക്കുന്നവരുമാകാം. ഉത്ഥിതനോടൊപ്പം എന്നുമായിരിക്കുന്ന നിത്യജീവൻ മുമ്പിൽ കണ്ടുകൊണ്ട് ഉത്ഥാനത്തിന്റെ സന്തോഷം ഇപ്പോൾത്തന്നെ അനുഭവിക്കുന്നവരാകാം.



# ഉയിർപ്പുകാലം നമ്മെ ക്ഷണിക്കുന്നു

ഷിനി തെരേസ് മുതുപ്ലാക്കൽ

- ❖ മഗ്ദലേനമറിയത്തെപ്പോലെ ശൂന്യതയ്ക്കു മുമ്പിലും പ്രത്യാശയോടെ കാത്തിരിക്കുവാൻ (യോഹ 20,11-18)
- ❖ നഷ്ടങ്ങളൊക്കെ താല്ക്കാലികമാണെന്ന് തിരിച്ചറിയുവാൻ (യോഹ 20,9)
- ❖ കണ്ണീർതുള്ളികൾ കാഴ്ച മറയ്ക്കുന്ന അനുഭവങ്ങളുടെ നടുവിലും ദൈവസ്വരത്തിനായി കാതോർക്കുവാൻ (യോഹ 20,11.16)
- ❖ സ്നേഹത്തിനുമുമ്പിൽ ഭയത്തിനു സ്ഥാനമില്ല എന്നോർക്കുവാൻ (യോഹ 20,1)
- ❖ മുമ്പിലുള്ള പ്രതിബന്ധങ്ങൾ മാറ്റാൻ ദൈവദൂതന്മാരുടെ കാവലുണ്ടെന്നു വിശ്വസിക്കുവാൻ (മർക്കോ 16,3-4)
- ❖ തെറ്റുപറ്റിയാലും വീണുപോയാലും വീണ്ടും വീണ്ടും കൂടുതൽ സ്നേഹിക്കുവാൻ (യോഹ 21,15-19)
- ❖ ജീവിതയാത്രയിൽ തർക്കങ്ങളും വ്യർത്ഥഭാഷണവും ഭിന്നതയും നഷ്ടബോധവും മ്ലാനവദനവുമൊക്കെ അലട്ടുമ്പോൾ പ്രത്യാശയും ജ്വലിക്കുന്ന ഹൃദയവും നല്കി സഹായിക്കുന്ന സഹയാത്രികനെ ഒപ്പം കൂട്ടുവാൻ (ലൂക്കാ 24,13-35)
- ❖ നിത്യം അനുഗ്രഹിച്ചുകൊണ്ടിരിക്കുന്നവന് ആരാധനയും സ്തുതിയും നിരന്തരമേകുവാൻ (ലൂക്കാ 24,51-53)
- ❖ യഥാർത്ഥശിഷ്യന്റെ സ്നേഹമസൃണമായ നിർബന്ധങ്ങൾക്കുമുമ്പിൽ തോറ്റു കൊടുക്കുന്നവനാണ്, ആഗ്രഹിക്കുന്നവന്റെ മുന്നിൽ പ്രത്യക്ഷപ്പെടുന്നവനാണ് ദൈവം എന്നോർമ്മിക്കുവാൻ (യോഹ 20,24-29)
- ❖ ജീവിതത്തിലും മരണത്തിലും ദൈവമഹത്ത്വം തേടുവാൻ (യോഹ 21,19).
- ❖ മനസ്സിലാകാത്ത അനുഭവങ്ങളിലും ദൈവഹിതത്തിനു വിട്ടുകൊടുക്കുവാൻ (യോഹ 21,21)
- ❖ തള്ളിപ്പറഞ്ഞ്, ഒറ്റപ്പെടുത്തി, വഴിമാറി സഞ്ചരിച്ച് തിരികെയെത്തുമ്പോൾ, തെല്ലും കുറ്റപ്പെടുത്താതെ സ്നേഹമസൃണമായ അന്വേഷണങ്ങളോടെ തീരത്ത് പ്രാതലൊരുക്കി കാത്തിരിക്കുന്ന സ്നേഹമാണവിടുന്ന് എന്നോർക്കുവാൻ (യോഹ 21,1-14)
- ❖ ജീവിതാന്ത്യത്തോളം ദൈവസ്നേഹത്തിനു സാക്ഷ്യമേകുവാൻ (മർക്കോ 16,20)
- ❖ യുഗാന്തംവരെ കൂടെയുള്ള ദൈവസാന്നിദ്ധ്യം എന്നും സ്മരിക്കുവാൻ (മത്താ 28,20)
- ❖ പിതാവിന്റെ വലത്തുഭാഗത്ത് ഉപവിഷ്ടനായിരിക്കുന്നവന്റെ അനുഗ്രഹം നമ്മിലേക്ക് നിത്യം വർഷിക്കപ്പെടുന്നു എന്നു വിശ്വസിക്കുവാൻ (ലൂക്കാ 24,51)

# അമ്മയ്ക്കൊപ്പം അനുഗ്രഹവഴിയെ



**അനിത ആത്രശ്ശേരിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**ഒന്നാം ദിവ്യരഹസ്യം:**

പാപത്തെയും മരണത്തെയും തോല്പിച്ച കർത്താവീശോമിശിഹായുടെ പുനരുത്ഥാനം നമുക്കു ധ്യാനിക്കാം.
*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**രണ്ടാം ദിവ്യരഹസ്യം:**

ഭൂസ്വർഗ്ഗവാസികളെ ഒന്നിപ്പിച്ച കർത്താവിന്റെ തിരുവുത്ഥാനം നമുക്കു ധ്യാനിക്കാം. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**മൂന്നാം ദിവ്യരഹസ്യം:**

സകല സൃഷ്ടികളുടെയും സന്തോഷത്തിനു നിദാനമായ കർത്താവിന്റെ തിരുവുത്ഥാനം നമുക്കു ധ്യാനിക്കാം. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**നാലാം ദിവ്യരഹസ്യം:**

നമ്മുടെ വിശ്വാസത്തിന് ആധാരവും അച്ചാരവുമായ കർത്താവിന്റെ തിരുവുത്ഥാനം നമുക്കു ധ്യാനിക്കാം. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**അഞ്ചാം ദിവ്യരഹസ്യം:**

നമ്മുടെ ഉത്ഥാനവും നീതീകരണവുമായ കർത്താവിന്റെ പുനരുത്ഥാനം നമുക്കു ധ്യാനിക്കാം. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

പ്രാർത്ഥിക്കാം, കർത്താവേ അവിടുത്തെ തിരുവുത്ഥാനത്തെ ധ്യാനിച്ചു പ്രാർത്ഥിക്കുന്ന പ്രിയ മക്കളെ തൃക്കൺപാർക്കണമേ. സഹനങ്ങളും പ്രലോഭനങ്ങളും നിറഞ്ഞ ഞങ്ങളുടെ ജീവിതം സ്വർഗ്ഗീയമഹത്ത്വം പ്രാപിക്കാനുള്ള മാർഗ്ഗമാണെന്നു വിശ്വസിച്ച് അങ്ങയോടൊത്ത് എന്നും പ്രത്യാശയോടെ ജീവിക്കുവാൻവേണ്ട കൃപാവരം നല്കണമേ. ഞങ്ങളെ നവീകരിക്കുകയും വിശ്വാസത്തിലും സ്നേഹത്തിലും വളർത്തി പുതുജീവന്റെ പാത തുറന്നുതന്ന അങ്ങേ തിരുവുത്ഥാനത്തിന്റെ സാക്ഷികളായി ജീവിക്കാനും നിത്യം പിതാവിനെ മഹത്ത്വപ്പെടുത്തുന്ന സത്പ്രവൃത്തികളാൽ ഞങ്ങളെ സമ്പന്നരാക്കുകയും ചെയ്യണമേ. ഈ അപേക്ഷകളൊക്കെയും പരിശുദ്ധ അമ്മയുടെ വിമലഹൃദയംവഴി ഞങ്ങളങ്ങേക്കു സമർപ്പിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും ആമ്മേൻ.



"കർത്താവ് എവിടെയാണ് തന്നെ
തിരിച്ചറിയണമെന്ന് ആഗ്രഹിക്കുന്നത്?
അപ്പം മുറിക്കലിൽത്തന്നെ.
നമുക്കുവേണ്ടിയാണ് അവൻ മറ്റൊരിടത്തും
തിരിച്ചറിയപ്പെടാൻ മനസ്സാകാത്തതും
അപ്പം മുറിക്കലിൽ സ്വയം വെളിപ്പെടുത്തുന്നതും.
കാരണം, നാം ഇനി ഒരിക്കലും
അവനെ ശരീരത്തിൽ കാണുകയില്ല.
പക്ഷേ, നിങ്ങൾ അവന്റെ ശരീരം ഭക്ഷിക്കും.
നിങ്ങൾ വിശ്വാസികളാണെങ്കിൽ,
ക്രിസ്ത്യാനികളെന്നു വിളിക്കപ്പെടുന്നെങ്കിൽ,
ദൈവാലയത്തിൽ നിങ്ങൾ വരുന്നത് ഉദ്ദേശരഹിതമല്ലെങ്കിൽ,
നിങ്ങൾ ഭയത്തോടും പ്രത്യാശയോടുംകൂടെ
ദൈവവചനം ശ്രവിക്കുമെങ്കിൽ,
തീർച്ചയായും അപ്പം മുറിക്കലിൽ
നിങ്ങൾ ആശ്വാസം കണ്ടെത്തും"
(വി. ആഗസ്തീനോസ്)

PRATHEEKSHAYUDE POOMOTTUKAL (Malayalam Monthly)
RNI: KERMAL/2014/59983
Published on 24th March 2021

Registered: KL/KTM/72/2021-23
Licence No:KL/CR/KTM/WPP-14/2021-23
Licensed to post without prepayment

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

"ഉത്ഥിതനീശോമിശിഹായേ
സ്വർഗ്ഗീയം നിൻ നിക്ഷേപം
മർത്യർക്കായ് നീ നല്കുന്നു
ദാരിദ്ര്യത്തിൻ കെടുതികൾ നീ
ഭൂവിൽനിന്നുമകറ്റണമേ
നിൻസ്തുതി ഞങ്ങൾ പാടിടുവാൻ"
(ഉയിർപ്പുകാലം, ഞായർ - എന്താനാ)



Printed, Published & Owned by Annamma Kulathupurayidom, Spirituality Centre, Manganam P.O., Kottayam - 686 018; Printed at WiGi Printers, Manganam P.O., Kottayam - 686 018, Ph:0481- 2570862, Email; wigipress@gmail.com; Published at Spirituality Centre, Manganam P.O, Kottayam - 686 018, Ph: 0481-2578192, Email: psmktm@gmail.com
Editor: Fr. Mathew Vellanickal